Uncorrected/Not for publication
17-09-2025

**സബ്മിഷൻ**

(1) തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ ശസ്ത്രക്രിയയ്ക്ക് വിധേയയായ യുവതിക്ക് നഷ്ടപരിഹാരവും തുടർചികിത്സയും

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, 20-03-2023-ന് തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ തൈറോയ്ഡെക്ടമി എന്ന ശസ്ത്രക്രിയയ്ക്ക് വിധേയയായ കാട്ടാക്കട സ്വദേശിനിയായ യുവതിയുടെ നെഞ്ചിൽ ഗൈഡ്‌വയർ കുടുങ്ങി ഗുരുതരമായ ചികിത്സാ പിഴവുണ്ടായതിനെത്തുടർന്ന് കടുത്ത ആരോഗ്യ പ്രശ്നങ്ങൾ നേരിടുകയാണ്. തൈറോയിഡ് ഗ്രന്ഥി നീക്കം ചെയ്യുന്നതിനുള്ള ശസ്ത്രക്രിയയ്ക്ക് വിധേയയായശേഷം ടിയാൾ നാലുദിവസം ഐ.സി.യു.-വിൽ അബോധാവസ്ഥയിൽ കിടന്നു. ശസ്ത്രക്രിയ നടത്തിയ ഡോക്ടറുടെ കീഴിൽ രണ്ടുവർഷം ചികിത്സയും തേടി. പിന്നീട് മറ്റൊരു ക്ലിനിക്കിലെ ഡോക്ടറുടെ നിർദേശപ്രകാരം എക്സ്റേ എടുത്തപ്പോഴാണ് നെഞ്ചിനുള്ളിൽ അസ്വാഭാവികമായ ഒരു വസ്തു കണ്ടെത്തിയത്. 2025 ഏപ്രിൽ മാസത്തിൽ  ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആൻഡ് ടെക്നോളജിയിൽ നടത്തിയ പരിശോധനയിൽ, രക്തക്കുഴൽ വഴി

മരുന്നുകൾ നൽകാൻ ഉപയോഗിക്കുന്ന സെൻട്രൽ ലൈനിന്റെ ഭാഗമായ ഗൈഡ്‌വയർ ആണ് നെഞ്ചിൽ കുടുങ്ങിയിരിക്കുന്നതെന്ന് സ്ഥിരീകരിച്ചു. ഗൈഡ് വയർ ധമനികളുമായി ഒട്ടിച്ചേർന്ന അവസ്ഥയിലാണുള്ളതെന്ന് സി.ടി. സ്കാനിങ്ങിൽനിന്ന് വ്യക്തമായി. ഈ അവസ്ഥയിൽ ഗൈഡ്‌വയർ നീക്കം ചെയ്താൽ ഹൃദയത്തിന്റെ പ്രവർത്തനത്തെയുൾപ്പെടെ ബാധിക്കുമെന്ന് ഡോക്ടർമാർ വ്യക്തമാക്കിയിട്ടുണ്ടെന്നാണ് മനസ്സിലാക്കുന്നത്. നിലവിൽ ഇതിന്റെ ഉത്തരവാദിത്വം  സർജറി നടത്തിയ ഡോക്ടറോ സർക്കാരോ ഏറ്റെടുക്കുന്നില്ല. ഗുരുതരമായ ചികിത്സാ പിഴവുമൂലം കഠിനമായ ആരോഗ്യ പ്രശ്നങ്ങൾ അനുഭവിക്കുന്ന ടി യുവതി നഷ്ടപരിഹാരം ആവശ്യപ്പെട്ടും ഉത്തരവാദികളായവർക്കെതിരെ നടപടിയാവശ്യപ്പെട്ടും രേഖാമൂലം പരാതി നൽകിയിട്ടും അന്വേഷണത്തിനായി ഒരു സമിതിയെ നിയോഗിക്കുക മാത്രമാണ് സർക്കാർ ചെയ്തത്. ചികിത്സാ പിഴവുമൂലം ദുരിതമനുഭവിക്കുന്ന യുവതിക്ക് നഷ്ടപരിഹാരം അനുവദിക്കണമെന്നും തുടർചികിത്സ ഉറപ്പാക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിക്ക് ഞാനൊരു കത്ത് നൽകിയിട്ടുണ്ട്. ടി വിഷയത്തിൽ  അനുകൂല

നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഇതോടൊപ്പം ഒരുകാര്യം കൂടി ബഹുമാനപ്പെട്ട ചെയറിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഈ വിഷയം സംബന്ധിച്ച് 16-09-2025-ന് ഒരു ചോദ്യം (ചോദ്യം നമ്പർ *5) നൽകിയിരുന്നു. ഇതിന്റെ ഉത്തരത്തിൽ ടി വ്യക്തിയുടെ ഐഡന്റിറ്റി വെളിപ്പെടുത്തുന്ന തരത്തിലുള്ള മുഴുവൻ ഡീറ്റെയിൽസും രോഗവിവരങ്ങളും നൽകിയിട്ടുണ്ട്. ഇത് ചട്ടവിരുദ്ധവും നിയമവിരുദ്ധവുമാണ്. പ്രൈവറ്റ് ഹെൽത്ത് ഡാറ്റയാണിത്. ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെ ഓഫീസിൽനിന്നാണ് മറുപടി നൽകിയതെങ്കിലും നിയമസഭാ സെക്രട്ടേറിയറ്റ് അക്കാര്യത്തിൽ ശ്രദ്ധിക്കണമായിരുന്നു. ഒരാളുടെ ഐഡന്റിറ്റി ഉൾപ്പെടെ വെളിപ്പെടുത്തിക്കൊണ്ടുള്ള മുഴുവൻ രോഗവിവരങ്ങളും ഈ ഉത്തരത്തിലൂടെ പുറത്തുവന്നിരിക്കുകയാണ്. ദയവുചെയ്ത് അങ്ങത് പരിശോധിക്കണം. വളരെ ഗുരുതരമായ തെറ്റാണിത്. ഇങ്ങനെ ഉൾപ്പെടുത്താൻ പാടില്ലായിരുന്നു. ഇക്കാര്യം വിശദമായി പരിശോധിക്കണമെന്നുകൂടി ഈ അവസരത്തിൽ അഭ്യർത്ഥിക്കുകയാണ്.

<u>മി. സ്പീക്കർ</u>: നിയമസഭാ സെക്രട്ടേറിയറ്റിന്റെ ഭാഗത്തുനിന്നുള്ള വിഷയം

പരിശോധിക്കാം.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, തൊളിക്കോട്ടുകോണം സ്വദേശിനിയായ യുവതിക്ക് ഗോയിറ്റർ എന്ന രോഗം കണ്ടെത്തിയതിനെത്തുടർന്ന് 20-03-2023-ൽ തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ തൈറോയ്ഡെക്ടമി എന്ന ശസ്ത്രക്രിയയ്ക്ക് വിധേയയായിരുന്നു. യുവതിക്ക് ആവശ്യമായ തുടർചികിത്സയും പരിചരണവും നൽകി 30-03-2023-ന് ഡിസ്ചാർജ് ചെയ്തിരുന്നു. ശസ്ത്രക്രിയയിലൂടെ നീക്കംചെയ്ത ഭാഗം ജനറൽ ആശുപത്രിയിൽനിന്നും തിരുവനന്തപുരം പബ്ലിക് ഹെൽത്ത് ലബോറട്ടറിയിൽ അയച്ച് പരിശോധന നടത്തിയപ്പോൾ തൈറോയിഡ് കാൻസർ സ്ഥിരീകരിച്ചു. തുടർന്ന് യുവതി തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിൽ ചികിത്സ തേടി. കഴിഞ്ഞ രണ്ടുവർഷമായി യുവതി തിരുവനന്തപുരം ആർ.സി.സി.-യിലും ജനറൽ ആശുപത്രിയിലും ഫോളോ-അപ് കെയറിലാണുള്ളത്. ആർ.സി.സി.-യിലെ ചികിത്സയുടെ ഭാഗമായി 2025 മാർച്ച് മാസം നടത്തിയ എക്സ്റേ പരിശോധനയിലാണ് രക്തക്കുഴൽ വഴി മരുന്നുകൾ നൽകാനായി ഉപയോഗിക്കുന്ന സെൻട്രൽ ലൈനിന്റെ ഭാഗമായുള്ള

Uncorrected/Not for publication
17-09-2025

ഗൈഡ്‌വയർ ശ്രദ്ധയിൽപ്പെടുന്നത്. തുടർന്ന് ജനറൽ ആശുപത്രി സൂപ്രണ്ട് 2025 ഏപ്രിൽ മാസം ആയതുസംബന്ധിച്ച് ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആൻഡ് ടെക്നോളജിയിലെ ഡോക്ടർമാരിൽനിന്നും അഭിപ്രായം തേടിയിരുന്നു. ഈ യുവതിയുടെ ശരീരത്തിൽ ഗൈഡ് വയർ കണ്ടെത്തിയതുസംബന്ധിച്ച് അന്വേഷണം നടത്തുന്നതിന് ആരോഗ്യ വകുപ്പിലെ അഡീഷണൽ ഡയറക്ടറുടെ നേതൃത്വത്തിൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്, ആരോഗ്യ വകുപ്പ് എന്നിവിടങ്ങളിലെ കാർഡിയോ വാസ്കുലാർ തൊറാസിക് സർജറി, റേഡിയോ ഡയഗ്നോസിസ്, അനസ്തേഷ്യോളജി, ജനറൽ സർജറി എന്നീ വിഭാഗം ഡോക്ടർമാർ അടങ്ങിയ വിദഗ്ധ സമിതിയെ 2025 ആഗസ്റ്റ് മാസം ചുമതലപ്പെടുത്തിയിരുന്നു. വിദഗ്ധ സമിതി 14-08-2025-ന് ആദ്യയോഗം ചേർന്ന് മെഡിക്കൽ രേഖകൾ പരിശോധിച്ചെങ്കിലും പൂർണ്ണമായ നിഗമനത്തിലെത്താൻ സാധിക്കാത്തതിനാൽ ആർ.സി.സി., മറ്റാശുപത്രികൾ എന്നിവിടങ്ങളിൽ നൽകിയ ചികിത്സ, പരിശോധന എന്നിവയുടെ വിശദാംശങ്ങൾ അടങ്ങിയ രേഖകൾകൂടി പരിശോധിക്കാൻ തീരുമാനിച്ചു.

കൂടാതെ തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിലെ കാർഡിയോളജി, ക്രിട്ടിക്കൽ കെയർ, അനസ്തേഷ്യ, ജനറൽ സർജറി എന്നീ വിഭാഗങ്ങളിലെ ഡോക്ടർമാരെക്കൂടി സമിതിയിൽ ഉൾപ്പെടുത്തുകയും ചെയ്തു. യുവതിയുടെ പരാതി ലഭിച്ചതിനെത്തുടർന്ന് 03-09-2025-ന് തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ് സൂപ്രണ്ടിന്റെ ചേമ്പറിൽ വിദഗ്ധ സമിതി ചേർന്നു. അന്നേദിവസം എല്ലാ ചികിത്സാ രേഖകളും സഹിതം യുവതിയോടും തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ ശസ്ത്രക്രിയ നടത്തിയതുമായി ബന്ധപ്പെട്ട എല്ലാ ജീവനക്കാരോടും സമിതിക്ക് മുമ്പാകെ ഹാജരാകാൻ നിർദേശം നൽകിയിരുന്നു. ഇതുപ്രകാരം യുവതി സമിതിക്ക് മുമ്പാകെ ഹാജരാകുകയും ടിയാളുടെ പക്കൽനിന്ന് ലഭ്യമായ രേഖകൾ സമിതി പരിശോധിക്കുകയും മൊഴി രേഖപ്പെടുത്തുകയും ചെയ്തു. ശസ്ത്രക്രിയ നടത്തിയതുമായി ബന്ധപ്പെട്ട ജീവനക്കാരും സമിതി മുമ്പാകെ ഹാജരായിരുന്നു. വിദഗ്ധ സമിതിയുടെ തീരുമാനപ്രകാരം നിലവിലെ സമിതിയിലെ അംഗങ്ങൾക്കുപുറമെ ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആൻഡ് ടെക്നോളജിയിലെ ഇന്റർവെൻഷണൽ റേഡിയോളജി,

കാർഡിയോളജി, കാർഡിയോ തൊറാസിക് സർജറി എന്നീ വിഭാഗങ്ങളിലെ ഡോക്ടർമാരുടെ അഭിപ്രായം തേടുന്നതിനായി പ്രസ്തുത സ്ഥാപനത്തിലെ ഡോക്ടർമാരെ സമിതിയിൽ ഉൾപ്പെടുത്തുന്നതിന് തീരുമാനിച്ചു. ഇതുകൂടാതെ തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിലെ ഇന്റർവെൻഷണൽ റേഡിയോളജി ഡിപ്പാർട്ടുമെന്റിലെ ഡോക്ടറെക്കൂടി സമിതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. യുവതിയുടെ പരാതിയിൽ തിരുവനന്തപുരം സിറ്റി കന്റോൺമെന്റ് പോലീസ് സ്റ്റേഷനിൽ 939/2025 നമ്പർ ആയി കേസെടുത്ത് പോലീസ് അന്വേഷണം ആരംഭിച്ചിട്ടുണ്ട്. ചികിത്സാ പിഴവുകളുണ്ടാകുന്നത് അതീവ ഗൗരവത്തോടെയാണ് ആരോഗ്യ വകുപ്പ് കാണുന്നത്. പൊതുജനങ്ങളിൽനിന്ന് ഇത്തരം സംഭവങ്ങളെക്കുറിച്ച് പരാതികൾ ലഭിച്ചാൽ എത്രയുംവേഗം അന്വേഷണം നടത്തി തുടർനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. വീഴ്ചയുള്ള കേസുകളിൽ കർശന നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. വിദഗ്ധ സമിതിയുടെ അന്തിമ റിപ്പോർട്ട് ലഭ്യമാകുന്നമുറയ്ക്ക്, ടി യുവതിയുടെ ശരീരത്തിലുള്ള ഗൈഡ്‌വയർ നീക്കംചെയ്യുന്നത് സംബന്ധിച്ചുള്ള തുടർനടപടി സ്വീകരിക്കുന്നതാണ്. അതോടൊപ്പം, യുവതിക്ക് ആരോഗ്യ പ്രശ്നങ്ങൾ

സംബന്ധിച്ച കാര്യങ്ങളിൽ സർക്കാർ ആശുപത്രികളിൽനിന്നും ആവശ്യമായ വിദഗ്ധ ചികിത്സ സൗജന്യമായി ലഭ്യമാക്കുന്ന കാര്യം തീർച്ചയായും ഉറപ്പുവരുത്തുന്നതാണ്. Central Venous Catheter (CVC) insertion നടത്തിയ ഡോക്ടറുടെ ഭാഗത്തുനിന്ന് ഗുരുതര വീഴ്ചയുണ്ടായതായാണ് മനസിലാക്കുന്നത്. ഇക്കാര്യത്തിൽ വിദഗ്ധ സമിതിയുടെ ഭാഗത്തുനിന്നുള്ള റിപ്പോർട്ട് ലഭിച്ചു കഴിഞ്ഞാലുടൻതന്നെ കർശനമായ നടപടി സ്വീകരിക്കും. കൂടാതെ കോമ്പൻസേഷൻ തുക അനുവദിക്കുന്നതുമായി ബന്ധപ്പെട്ട കാര്യത്തിലും ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്. നിലവിൽ വിദഗ്ധ ചികിത്സ ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കാവുന്നതാണ്.

(2) <u>പൂഴിത്തോട്-പടിഞ്ഞാറെത്തറ റോഡ് നിർമ്മാണം</u>

<u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: സർ, വയനാടിന്റെ ഗതാഗത പ്രശ്നത്തെ മുൻനിർത്തി സംസ്ഥാന ഗവൺമെന്റ് തുടക്കം കുറിച്ച തുരങ്കപാതയുടെ നിർമ്മാണം അങ്ങേയറ്റം സ്വാഗതാർഹമാണ്. ഗവൺമെന്റിനെ ഇക്കാര്യത്തിൽ അഭിനന്ദിക്കുകയാണ്. താമരശ്ശേരി, കുറ്റ്യാടി ചുരങ്ങളിലൂടെയുള്ള പാതകളാണ്

വയനാട് ഗതാഗതത്തിന് അടിസ്ഥാനമായി നിൽക്കുന്നത്. രണ്ട് പാതകളിലും പലപ്പോഴും നിരവധി ഘട്ടങ്ങളിൽ തടസ്സങ്ങൾ അനുഭവപ്പെട്ടത് കേരളത്തിന്റെ മുമ്പിലുണ്ട്. ഇതെല്ലാം പരിഗണിച്ച് ഒരു പുതിയ പാത നിർമ്മിക്കുന്നതിനുള്ള നടപടികൾ ഇവിടെ ആരംഭിക്കേണ്ടതുണ്ട്. തീരെ ചുരമില്ലാത്ത റോഡിന്റെ നിർദേശമാണ് പൂഴിത്തോട്-പടിഞ്ഞാറെത്തറ റോഡിനുവേണ്ടിയുള്ളത്. രണ്ട് ഭാഗത്തും റോഡുണ്ട്. ഫോറസ്റ്റിന്റെ ഒരു ഭാഗം മാത്രമാണ് റോഡില്ലാതെ നിൽക്കുന്നത്. ഈ ഫോറസ്റ്റ് വഴി റോഡ് നിർമ്മിക്കുന്നതിനുള്ള ചുമതല സംസ്ഥാന സർക്കാരിനുമാത്രം നിറവേറ്റാൻ കഴിയുമെന്നുള്ള അഭിപ്രായമില്ല. കേന്ദ്ര വനം വകുപ്പിന്റെയും പരിസ്ഥിതി വകുപ്പിന്റെയും അനുമതി ഈ കാര്യത്തിൽ നേടേണ്ടതുണ്ട്. സംസ്ഥാന പൊതുമരാമത്ത് വകുപ്പ് മുൻകൈയെടുത്ത് ഒന്നരകോടി രൂപ ഇവിടെ ഈ വനത്തിനിടയിലൂടെയുള്ള റോഡിന്റെ ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിനായി അനുവദിക്കുകയും അതിന്റെ പ്രവൃത്തി ഏകദേശം പൂർത്തീകരിച്ചുവരികയുമാണ്. ഇൻവെസ്റ്റിഗേഷൻ നടപടികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിനും പൊതുമരാമത്ത് വകുപ്പ് മുൻകൈയെടുത്ത് ഫോറസ്റ്റ് വകുപ്പിന്റെ കൂടി സഹായത്തോടെ കേന്ദ്ര അനുമതി

ലഭ്യമാക്കുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. ഇതിന് കേരളത്തിലെ ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിതന്നെ മുൻകൈയെടുത്ത് ഇത്തരം നടപടി പൂർത്തീകരിക്കുന്നതിനുള്ള നിലപാട് സ്വീകരിക്കണമെന്ന് അഭ്യർഥിക്കുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, 30-01-2024-ലാണ് ഈ സഭയിൽ പൂഴിത്തോട്-പടിഞ്ഞാറെത്തറ റോഡുമായി ബന്ധപ്പെട്ട സബ്മിഷൻ ബഹുമാന്യനായ ഒ. ആർ. കേളു അവതരിപ്പിക്കുന്നത്. ശ്രീ. ടി. പി. രാമകൃഷ്ണൻ റോഡ് പ്രാവർത്തികമാക്കേണ്ടതിന്റെ അനിവാര്യതയെ സംബന്ധിച്ച് ഇവിടെ സൂചിപ്പിച്ചു. ഈ റോഡിന്റെ സാധ്യതാ പഠനം നടത്തുമെന്നുള്ളത് അന്ന് സഭയ്ക്ക് നൽകിയ ഉറപ്പാണ്. അതിനായി 10-03-2024-ന് ഒന്നരക്കോടി രൂപ അനുവദിക്കുകയും ചെയ്തു. ആ ഘട്ടത്തിൽ വനത്തിനകത്ത് ഇൻവെസ്റ്റിഗേഷൻ നടത്താനുള്ള അനുമതി ആവശ്യമുണ്ടായിരുന്നു. ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രി ഇതിൽ വളരെ പോസിറ്റീവായ നിലപാട് സ്വീകരിച്ചു. വനം

വകുപ്പുമന്ത്രിയുമായി നേരിട്ട് സംസാരിച്ച്, വകുപ്പുതലത്തിൽ ഇടപെട്ടാണ് അത് സാധ്യമാക്കിയത്. നിലവിൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി ഏറെക്കുറെ പൂർത്തീകരിച്ചു. കോഴിക്കോട് ജില്ലയിലും വയനാട് ജില്ലയിലും വനേതര ഭാഗത്ത് ജി.പി.എസ്. സർവേയും വനത്തിനുള്ളിൽ LiDAR cum Drone Survey-യുമാണ് നടത്തിയിട്ടുള്ളത്. പടിഞ്ഞാറെത്തറ ഭാഗത്ത് വനത്തിനുള്ളിൽ ആറരകിലോമീറ്ററും വനേതര ഭാഗത്ത് പത്തുകിലോമീറ്ററും സർവേ നടത്തി. കോഴിക്കോട് പൂഴിത്തറയിൽ വനേതര ഭാഗത്ത് അഞ്ച് കിലോമീറ്ററും വനഭാഗത്ത് മൂന്ന് കിലോമീറ്ററോളവും സർവേ നടപടികൾ നടത്തുകയുണ്ടായി. സർവേ പൂർത്തിയാകുന്നതിന്റെ പശ്ചാത്തലത്തിൽ അടുത്ത ഘട്ടത്തിലേക്ക് നീങ്ങുവാൻ പൊതുമരാമത്ത് വകുപ്പ് തീരുമാനിച്ചിരിക്കുകയാണെന്ന വിവരം സഭയെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ടുകൾ പരിശോധിച്ച് പൂഴിത്തോട്-പടിഞ്ഞാറെത്തറ റോഡിന്റെ താൽക്കാലിക അലൈൻമെന്റ് തയ്യാറാക്കുവാൻ ഉദ്യോഗസ്ഥർക്ക് നിർദേശം നൽകിയിട്ടുണ്ട്. അലൈൻമെന്റിന്റെ അംഗീകാരത്തിനുശേഷം പദ്ധതിരേഖ കൂടി തയ്യാറാക്കും. ഡിസംബറോടുകൂടി പദ്ധതിരേഖയ്ക്ക് അന്തിമരൂപം നൽകാനാണ്

നിർദേശിച്ചിട്ടുള്ളത്. ഡി.പി.ആർ. തയ്യാറാക്കിയശേഷം തുടർനടപടികൾ സ്വീകരിക്കും. വയനാട് ജില്ലയിലെ ഗതാഗതവുമായി ബന്ധപ്പെട്ട് വലിയ പരിഗണനയാണ് എൽ.ഡി.എഫ്. സർക്കാർ പൊതുവെ നൽകിവരുന്നത്. ഒരുകാലത്തും നടക്കില്ലെന്ന് കരുതിയ ഒരു പദ്ധതി, ഓഗസ്റ്റ് മാസം 31-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ 10,000-ത്തോളം ആളുകളെ സാക്ഷി നിർത്തിക്കൊണ്ട് ഉദ്ഘാടനം ചെയ്തു. അത് തുരങ്കപാതയാണെന്നുള്ളത് വളരെ സന്തോഷത്തോടുകൂടി ഈ സഭയെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. വയനാട് ചുരവുമായി ബന്ധപ്പെട്ടും ഫണ്ട് പ്രത്യേകം അനുവദിച്ചും വളവ് നികത്തുവാനുള്ള ഇടപെടൽ ഈ സർക്കാർ നടത്തിവരുന്നു. ബഹുമാനപ്പെട്ട അംഗം ഇവിടെ മുന്നോട്ടുവച്ച ഈ വിഷയം വളരെ ഗൗരവത്തിലാണ് എൽ.ഡി.എഫ്. സർക്കാർ എടുത്തിട്ടുള്ളത്. ആ നിലയിൽതന്നെ ഇതിന്റെ ഓരോ ഘട്ടങ്ങളിലും വലിയ പ്രാധാന്യത്തോടുകൂടി സർക്കാർ മുന്നോട്ടുപോകുമെന്നുള്ളത് സഭയെ അറിയിക്കുന്നു.

## (3) നീലേശ്വരം-എടത്തോട് റോഡ് നിർമ്മാണം

Uncorrected/Not for publication
17-09-2025

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: സർ, നീലേശ്വരം-എടത്തോട് റോഡിന്റെ കാര്യം ഞാൻ വീണ്ടും അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനുവേണ്ടി നിർബന്ധിതനായിരിക്കുകയാണ്. ഇത് പതിമൂന്ന് കിലോമീറ്റർ BM&BC ചെയ്യാൻ 2019-ൽതന്നെ തീരുമാനിച്ചിട്ടുള്ളതായിരുന്നു. അന്ന് കരാർ ഒപ്പിട്ടതാണ്. അത് 2020-ൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടതായിരുന്നു. കരാറുകാരന്റെ അനാസ്ഥയും പ്രവൃത്തിയുടെ മന്ദഗതിയും കാരണം അത് യഥാസമയം പൂർത്തിയാക്കാൻ കഴിയാത്ത ഒരു സ്ഥിതിയുണ്ടായി. അതിനെത്തുടർന്ന് 13-12-2023 വരെ കരാർ ദീർഘിപ്പിച്ചു നൽകാൻ ഗവൺമെന്റ് തീരുമാനിക്കുകയും ചെയ്തു. എന്നാൽ 16-02-2023-ന് ഞാൻ ഹാജരാകാത്ത ഒരു യോഗത്തിൽ, എന്റെ നിയോജകമണ്ഡലത്തിലൂടെ കടന്നുപോകുന്ന റോഡിന്റെ കരാറുകാരനെ റിസ്ക് ആൻഡ് കോസ്റ്റിൽ ടെർമിനേറ്റ് ചെയ്യാൻ തീരുമാനിക്കുകയുണ്ടായി. അങ്ങനെ തീരുമാനിച്ചശേഷം രണ്ടര വർഷമായിട്ടും ഇപ്പോഴും പുനർനിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയാത്ത സ്ഥിതിയാണ് നിലവിലുള്ളത്. ഞാൻ ഇതുസംബന്ധിച്ച് 22-01-2025-ന് ഒരു സബ്മിഷൻ ഇവിടെ

അവതരിപ്പിച്ചിരുന്നു. അന്ന് പുതുക്കിയ ഭരണാനുമതി സമർപ്പിച്ചിട്ടുള്ളതായും 13-01-2025-ന് ടെക്നിക്കൽ കമ്മിറ്റിയുടെ അംഗീകാരം ലഭിച്ചതായും ബഹുമാനപ്പെട്ട മന്ത്രി അന്ന് പറഞ്ഞിട്ടുള്ളതാണ്. അതിനുശേഷം എട്ടുമാസം പിന്നിട്ടിരിക്കുകയാണ്. ഇപ്പോഴും പ്രവൃത്തി പുനരാരംഭിക്കാത്ത സ്ഥിതിയാണുള്ളത്. അടിയന്തരമായി ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ ഇടപെടൽ ഇതിലുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>): സർ, കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി വികസിപ്പിക്കുന്ന നീലേശ്വരം-എടത്തോട് റോഡിന്റെ പ്രവൃത്തി സംബന്ധിച്ചാണ് ബഹുമാനപ്പെട്ട അംഗം സബ്മിഷൻ ഉന്നയിച്ചിട്ടുള്ളത്. നേരത്തെ അദ്ദേഹം ഈ വിഷയം ഇവിടെ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അതേ ഗൗരവത്തിൽതന്നെ കിഫ്ബിയുമായി പൊതുമരാമത്ത് വകുപ്പ് ടി വിഷയം ചർച്ച ചെയ്തിരുന്നു. 12.77 കിലോമീറ്റർ നീളമുള്ള റോഡിൽ 8.38 കിലോമീറ്റർ നീളത്തിൽ DBM (Dense Bituminous

Macadam) പൂർത്തിയാക്കിയിരിക്കുകയാണ്. എന്നാൽ പ്രവൃത്തിയിൽ പ്രതീക്ഷിച്ച വേഗതയില്ലാത്തതിനാലാണ് കരാറുകാരനെ നഷ്ടോത്തരവാദിത്വത്തിൽ ടെർമിനേറ്റ് ചെയ്തിരിക്കുന്നത്. 43,27,00,000/- രൂപയുടെ ധനാനുമതി കിഫ്ബി നൽകിയിട്ടുണ്ട്. ബാലൻസ് പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിച്ചിരുന്നു. എന്നാൽ നഷ്ടോത്തരവാദിത്വത്തിൽ റദ്ദ് ചെയ്യപ്പെടുന്ന കരാറുകളുടെ ബാക്കി പ്രവൃത്തികൾ ടെൻഡർ ചെയ്യപ്പെടുന്ന സമയത്തെ DSoR ഉപയോഗിക്കണമെന്ന നിർദേശമാണ് കിഫ്ബിയിൽനിന്നും ലഭിച്ചത്. അതേതുടർന്ന് എസ്റ്റിമേറ്റ് പുതുക്കുന്ന നടപടി നടക്കുകയാണ്. ഒരാഴ്ചയ്ക്കകം എസ്റ്റിമേറ്റ് പുതുക്കി സമർപ്പിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദേശം നൽകിയിട്ടുണ്ട്. എസ്റ്റിമേറ്റ് പുതുക്കി സമർപ്പിച്ചാൽ വേഗത്തിൽതന്നെ അംഗീകാരത്തിനായി കിഫ്ബിക്ക് കൈമാറാനും നിർദേശിച്ചിട്ടുണ്ട്. കിഫ്ബിയെക്കുറിച്ച് പറയുമ്പോൾ കേരളത്തിന്റെ പശ്ചാത്തല വികസന മേഖലയിൽ പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട് ഇതുവരെ പൂർത്തീകരിച്ചത് 163 റോഡ്-പാലം പദ്ധതികളാണ്. ഇതിനായി ചെലവഴിച്ചത് 66,16,13,00,000/-

രൂപയാണ്. 1880 കിലോമീറ്റർ വരുന്ന 136 റോഡുകൾ 56,43,59,00,000 രൂപ ചെലവഴിച്ച് നമ്മുടെ സംസ്ഥാനത്ത് പൂർത്തീകരിച്ചു. 27 പാലങ്ങൾ 572,54,00,000 രൂപ ചെലവഴിച്ച് ഈ ഒമ്പത് വർഷത്തിനിടയിൽ പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ 160 പദ്ധതികളിലായി 83,08,80,00,000/- രൂപയുടെ റോഡ്-പാലം പദ്ധതികൾ കേരളത്തിൽ കിഫ്ബി പദ്ധതിയുടെ ഭാഗമായി പുരോഗമിക്കുന്നുണ്ട്. 1173 കിലോമീറ്റർ വരുന്ന 106 റോഡുകളാണ് നിർമ്മാണത്തിലുള്ളത്. ഇതിനായി 66,11,47,00,000/- രൂപ കിഫ്ബി ഫണ്ട് കേരളത്തിൽ ചെലവഴിക്കപ്പെട്ടിട്ടുണ്ട്. 16,97,33,00,000/- രൂപയുടെ 84 പാലം പദ്ധതികളും പുരോഗമിക്കുന്നു. ഒരു മാജിക്കാണ് കിഫ്ബിയിലൂടെ കേരളത്തിന്റെ പശ്ചാത്തല വികസന മേഖലയിൽ നടന്നുവരുന്നത്. കേരളത്തെ സംബന്ധിച്ചിടത്തോളം കിഫ്ബി പൊൻമുട്ടയിടുന്ന താറാവാണെന്ന് വിശേഷിപ്പിക്കാവുന്നതാണെന്നാണ് ഈ പദ്ധതികളുടെ എണ്ണത്തിലൂടെയും ചെലവഴിച്ച തുകയിലൂടെയും നമുക്ക് മനസ്സിലാക്കാവുന്ന കാര്യം.

## (4) കോന്തുരുത്തി പുഴ പുറമ്പോക്കിൽ താമസിക്കുന്ന കുടുംബങ്ങളുടെ പുനരധിവാസവും കനാൽ നവീകരണവും

ശ്രീ. ടി. ജെ. വിനോദ്: സർ, കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് നിർവഹണ ഏജൻസിയായി നടപ്പാക്കുന്ന ഇന്റഗ്രേറ്റഡ് അർബൻ റീജനറേഷൻ ആൻഡ് വാട്ടർ ട്രാൻസ്പോർട്ട് സിസ്റ്റം എന്ന പദ്ധതി നടപ്പാക്കുന്നതിനായി കൊച്ചി നഗരത്തിലെ ആറ് കനാലുകൾ തിരഞ്ഞെടുത്തിട്ടുണ്ട്. ഈ പദ്ധതി നടപ്പാക്കുമ്പോൾ ഭൂമിയും വീടും നഷ്ടപ്പെടുന്നവർക്ക് പുനരധിവാസ പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും കോന്തുരുത്തി പുഴ പുനരധിവാസ പാക്കേജ് അതിൽ ഉൾപ്പെടുത്തിയിട്ടില്ല. പുഴയുടെ ഇരുവശങ്ങളിലും താമസിക്കുന്ന 129 കുടുംബങ്ങൾ 45-50 വർഷങ്ങളായി ചെറിയ വീടുകൾകെട്ടി താമസിക്കുകയാണ്. ഇത് സംബന്ധിച്ച് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ WP(C) 1812/2016 നമ്പർ പൊതുതാൽപര്യ ഹർജിയിലെ ഉത്തരവുപ്രകാരം, തോടിന് ഇരുകരകളിലും താമസിക്കുന്ന 129 കുടുംബങ്ങളെ ഒഴിവാക്കി, പ്രസ്തുത തോടിന്റെ നീരൊഴുക്ക് സുഗമമാക്കുന്നതിനും അവിടെ താമസിക്കുന്ന കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന്റെ ഭാഗമായി റവന്യൂ സെക്രട്ടറി, ജില്ലാ കളക്ടർ,

കൊച്ചി നഗരസഭ, പ്രദേശത്തെ എം.പി., എം.എൽ.എ., സ്റ്റേക്ക്ഹോൾഡേഴ്സ് എന്നിവരുടെ സംയുക്ത യോഗം ചേർന്ന് പ്രശ്നം പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ ഉത്തരവായിട്ടുള്ളതാണ്. ഈ വിധി നടപ്പാക്കാൻ ഒരു വർഷത്തെ കാലാവധിയും കോടതി നൽകി. പക്ഷേ ഈ വിധിവന്ന് അഞ്ച് വർഷം കഴിഞ്ഞിട്ടും ഇത് നടപ്പാക്കാൻ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. അതിനെത്തുടർന്ന് നിരവധി ഹൈക്കോടതി വിമർശനങ്ങളും ഗവൺമെന്റിനെതിരെ വന്നിട്ടുണ്ട്. പുനരധിവാസത്തിന് അർഹരായവരെ കണ്ടെത്തിയിട്ടുണ്ടെന്നും പുനരധിവാസത്തിനുവേണ്ട തുകയായ 24.82 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്നുമാണ് സർക്കാർ കോടതിയിൽ അറിയിച്ചിരുന്നത്. എന്നാൽ, ഇവരെ പുനരധിവസിപ്പിക്കുന്നതിന് പര്യാപ്തമായ ഭൂമി കണ്ടെത്താൻ സാധിക്കാതെ വന്നതിനാൽ ജില്ലാ കളക്ടറുടെയും കൊച്ചി നഗരസഭയുടെയും നേതൃത്വത്തിൽ 122 ഗുണഭോക്താക്കളുമായി ചർച്ച നടത്തുകയും ആ ചർച്ചയിൽ ഉരുത്തിരിഞ്ഞുവരുന്ന സമവായപ്രകാരം പുനരധിവാസത്തിന് ഭൂമി കണ്ടെത്താൻ ബുദ്ധിമുട്ടുള്ള സാഹചര്യത്തിൽ, പുനരധിവാസത്തിന് പകരമായി അനുവദിക്കപ്പെട്ടിട്ടുള്ള തുകയായ 24.82

കോടി രൂപ ഗുണഭോക്താക്കൾക്ക് വീതിച്ച് നൽകാമെന്ന് നിർദേശിക്കുകയും അത് അവർ സമ്മതിക്കുകയും ചെയ്തു. തുടർന്ന് 129 കുടുംബങ്ങളും പ്രത്യേകം പ്രത്യേകം സമ്മതപത്രം നൽകുകയും, അത് ബഹുമാനപ്പെട്ട കോടതി മുമ്പാകെ സമർപ്പിച്ചിട്ടുള്ളതുമാണ്. എന്നാൽ, ഈ തുക എന്ന് ലഭിക്കുമെന്നത് സംബന്ധിച്ച് യാതൊരു അറിയിപ്പോ തുടർനടപടിയോ ഉണ്ടായിട്ടില്ല. സെപ്റ്റംബർ 23-ന് കോടതിയിൽ വീണ്ടും കേസ് പരിഗണിക്കുകയാണ്. അതുകൊണ്ട് ഈ വിഷയത്തിന്റെ അടിയന്തര പ്രാധാന്യം കണക്കിലെടുത്ത് ഇതിന് പ്രത്യേക സാമ്പത്തിക പാക്കേജ് പരിഗണിച്ച് അടിയന്തരമായി തീർപ്പുണ്ടാക്കണമെന്നും ഇതിനാവശ്യമായ 24.82 കോടി രൂപ അനുവദിക്കണമെന്നും ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുകയാണ്.

## കോന്നുരുത്തി പുഴ പുറമ്പോക്കിൽ താമസിക്കുന്ന കുടുംബങ്ങളുടെ പുനരധിവാസവും കനാൽ നവീകരണവും

മുഖ്യമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി (**ശ്രീ. വി. എൻ. വാസവൻ**): സർ, ഇന്റഗ്രേറ്റഡ് അർബൻ റീജനറേഷൻ ആൻഡ് വാട്ടർ ട്രാൻസ്പോർട്ട് സിസ്റ്റം പ്രോജക്ട്

പദ്ധതിയിലുൾപ്പെട്ട കോന്തുരുത്തി പുഴ പുറമ്പോക്കിലെ കൈയേറ്റങ്ങൾ ഒഴിപ്പിക്കുന്ന കാര്യത്തിൽ ബഹുമാനപ്പെട്ട ഹൈക്കോടതി വിധി നടപ്പാക്കുന്നതിന്റെ ഭാഗമായി പുനരധിവാസത്തിന് അർഹരായ 126 പേരിൽ, ലൈഫ് ഭൂരഹിത-ഭവനരഹിത ഗുണഭോക്തൃ പട്ടികയിലുൾപ്പെട്ട 56 കുടുംബങ്ങളെ ഒഴിവാക്കി മറ്റ് കുടുംബങ്ങളെ പരിഗണിക്കുന്നതിന് അനുമതി നൽകിയിരുന്നു. പള്ളുരുത്തി വില്ലേജിൽ കൊച്ചി നഗരസഭയുടെ കൈവശമുള്ള സ്ഥലത്ത് ലൈഫ് ഭവനസമുച്ചയം കൊച്ചി നഗരസഭ മുഖേന നിർമ്മിക്കുവാനും തത്വത്തിൽ അനുമതി നൽകിയിരുന്നു. എന്നാൽ, പ്രസ്തുത ഭൂമി CRZ-I-ൽ ഉൾപ്പെട്ടതാണെന്ന് കണ്ടെത്തിയതിനാൽ തുടർനടപടി സ്വീകരിക്കാൻ കഴിഞ്ഞില്ല. മേൽ സാഹചര്യത്തിൽ പുറമ്പോക്കിൽനിന്നും ഒഴിപ്പിക്കപ്പെടുന്നവർക്ക് കോർപ്പറേഷൻ പരിധിയിൽ ഭൂമി വാങ്ങുന്നതിനായി ഒരു കുടുംബത്തിന് പരമാവധി 5.25 ലക്ഷം രൂപയും ലൈഫ് മിഷൻ പ്രകാരം വീട് നിർമ്മിക്കാൻ 4 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 9.25 ലക്ഷം രൂപ മാത്രമേ നിലവിലെ വ്യവസ്ഥ പ്രകാരം നൽകാൻ കഴിയുകയുള്ളൂവെന്ന കാര്യം ബഹുമാനപ്പെട്ട ഹൈക്കോടതിയെ അറിയിച്ചിരുന്നു. ഇതിനാവശ്യമായി വരുന്ന

11.655 കോടി രൂപയിൽ മാനദണ്ഡപ്രകാരമുള്ള സംസ്ഥാന വിഹിതം നൽകുന്നതിന് തീരുമാനിക്കുകയുണ്ടായി. തുടർന്ന് ലീഗൽ സർവീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ ഒരു സമിതി രൂപീകരിച്ച് തുക വിഭജിച്ച് നൽകി, കൈയേറ്റ ഭൂമി തിരിച്ചുപിടിക്കുന്നതിൽ തീരുമാനമെടുക്കാൻ ബഹു. ഹൈക്കോടതി 19-07-2024-ൽ ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചു. സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും കോടതിവിധിക്കും വിധേയമായി മാത്രമാണ് തുടർനടപടി സ്വീകരിക്കാൻ സാധിക്കുന്നത്. ഐ.യു.ആർ.ഡബ്ല്യു.ടി.എസ്. (IURWTS) പദ്ധതിക്ക് വേണ്ടി 3716.10 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട്. കോഞ്ഞുരുത്തി കനാലിന്റെ ആഴവും വീതിയും കൂട്ടുന്നതിനും സംരക്ഷണഭിത്തിയും കലുങ്കും പുനർനിർമ്മിക്കുന്നതിനുമായി 41.33 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. പുനരധിവാസ പ്രവർത്തനങ്ങൾ പൂർത്തിയാക്കി പദ്ധതിയുടെ നടത്തിപ്പ് ചുമതലയുള്ള കെ.എം.ആർ.എൽ. (KMRL) കനാൽ കൈമാറുന്ന മുറയ്ക്ക് നവീകരണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയും.

## (5) ഡിജിറ്റൽ സർവെ നടപടികൾ

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, കേരളത്തിലെ ഭൂമി സംബന്ധമായ കാര്യങ്ങളിൽ വിപ്ലവകരമായ മാറ്റമാണ് ഡിജിറ്റൽ റീസർവെ കൊണ്ടുവന്നിട്ടുള്ളത്. കാലഹരണപ്പെട്ടതും അശാസ്ത്രീയവുമായ രേഖകൾക്ക് പകരം, ആധുനിക സാങ്കേതികവിദ്യകൾ ഉപയോഗിച്ച് കൃത്യവും വ്യക്തവുമായ വിവരങ്ങൾ അതിന്റെ ഭാഗമായി ലഭിക്കുകയാണ്. റോബോട്ടിക് ടോട്ടൽ സ്റ്റേഷൻ, ഡ്രോൺ, Real Time Kinematic Positioning (RTK) എന്നീ സാങ്കേതികവിദ്യകൾ ഉപയോഗിച്ചുകൊണ്ടുള്ള ഡിജിറ്റൽ റീസർവെ നിലവിൽ വലിയ മാറ്റമാണ് ഉണ്ടാക്കിയിട്ടുള്ളത്. സർവെ, റവന്യൂ, രജിസ്ട്രേഷൻ എന്നീ വകുപ്പുകൾ എല്ലാം ചേർന്നുകൊണ്ട് 'എന്റെ ഭൂമി' എന്ന ഒറ്റ പോർട്ടൽ വന്നത് കേരളത്തിലെ ഭൂമി സംബന്ധമായ എല്ലാ കാര്യങ്ങൾക്കും വലിയൊരു പരിഹാരമായി മാറിയിരിക്കുകയാണ്. നിലവിൽ ഡിജിറ്റൽ റീസർവെ എടുക്കുന്ന സമയത്ത് പുറമ്പോക്ക് ഭൂമിയാണ് ആദ്യം അളക്കുന്നത്. അത് കൃത്യമായി അളന്ന് ഏറ്റെടുക്കുന്ന സമയത്ത് അതിൽ ദീർഘകാലമായി

താമസിക്കുന്ന അർഹതയുള്ള ആളുകൾക്ക് പട്ടയം നൽകാനുള്ള നടപടി സ്വീകരിക്കുകയും അല്ലാത്ത കൈയേറ്റങ്ങൾ വളരെ കൃത്യമായി ഒഴിപ്പിക്കാനുള്ള നടപടി ഇതിന്റെ ഭാഗമായി സ്വീകരിക്കുകയും ചെയ്യേണ്ടതുണ്ട്. സ്വകാര്യ ഭൂമിയിലേക്ക് കയറികിടക്കുന്ന പുറമ്പോക്കിലെ സ്ഥലങ്ങൾ, കൈവശക്കാരൻ എന്ന് പറയുന്നതിനുപകരം വളരെ കൃത്യമായി അത് ഏറ്റെടുക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ അതിനുവേണ്ട നടപടി സ്വീകരിക്കണമെന്നുള്ളതുമാണ്. അതോടൊപ്പം സ്വകാര്യഭൂമിയുടെ ബൗണ്ടറിയിൽ നേരത്തെ മാനുവലായി അളന്നതുകൊണ്ട് ഉണ്ടാകുന്ന വ്യത്യാസം കാരണം കൂടുതൽ ഭൂമി ഉണ്ടാകാം. ഡിജിറ്റൽ റീസർവെയിൽ കുറച്ചധികം ഭൂമിയുണ്ടാകുകയും അത് വർഷങ്ങളായി അവരുടെ കൈവശവുമാണെങ്കിൽ ആ വ്യത്യാസങ്ങൾ പരിഹരിക്കാനും അതിന്റെ കൈവശരേഖ കൊടുക്കാനുമുള്ള നടപടി സ്വീകരിക്കുമോയെന്ന കാര്യവും അറിയണം. പട്ടാമ്പി മണ്ഡലത്തിൽ, മുതുതല പഞ്ചായത്തിലെ കൊട്ടുമുണ്ട-കടവ് പ്രദേശത്തും കൊപ്പം പഞ്ചായത്തിലെ കമ്പനിപറമ്പ് പ്രദേശത്തും വർഷങ്ങളായി താമസിക്കുന്ന ആളുകളുടെ പട്ടയം ഇപ്പോൾ റവന്യൂ ഡാഷ്

ബോർഡിൽ കിടക്കുകയാണ്. അവർക്ക് അത് പതിച്ചു നൽകാനും അവിടെ പട്ടയം നൽകാനുമുള്ള നടപടി സ്വീകരിക്കണമെന്ന് കൂടി അഭ്യർഥിക്കുകയാണ്. സ്വകാര്യ ഭൂമിയുടെ ബൗണ്ടറിയിൽ ഉൾപ്പെടുന്നവർക്ക് രേഖ കൊടുക്കാനും, അതോടൊപ്പം കൈയേറ്റങ്ങൾ ഒഴിവാക്കിക്കൊണ്ട് അർഹതപ്പെട്ടവർക്ക് കൊടുക്കാനും അനർഹരായവരെ ഒഴിവാക്കാനും ഡിജിറ്റൽ റീസർവെയുടെ ഭാഗമായി നടപടി സ്വീകരിക്കുന്നതിനെക്കുറിച്ച് വിശദീകരിക്കാമോ?

**റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ):** സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത് വളരെ പ്രധാനപ്പെട്ട ഒരു പ്രശ്നമാണ്. സംസ്ഥാനത്ത് പുരോഗമിക്കുന്ന ഡിജിറ്റൽ റീസർവെ, മൂന്ന് ഘട്ടങ്ങളിലായി 639 വില്ലേജുകളിൽ നടപടിക്രമങ്ങൾ ആരംഭിക്കുകയും അതിൽ 520 വില്ലേജുകളിൽ സർവെ പ്രവർത്തനങ്ങൾ ഫിസിക്കലായി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഈ 520 വില്ലേജുകളിൽ 335 വില്ലേജുകളിൽ സർവെ അതിരടയാള നിയമപ്രകാരമുള്ള 9(2) പ്രസിദ്ധീകരിച്ചു. മൂന്ന് വില്ലേജുകളിൽ ഇതിനകം 13 പ്രഖ്യാപിക്കാനും നമുക്ക് സാധ്യമായിട്ടുണ്ട്. ഡിജിറ്റൽ സർവെയുടെ ഭാഗമായി

സർവെ അതിരടയാള ചട്ടങ്ങൾ പ്രകാരമുള്ള ഫോറം നമ്പർ 50 ലാൻഡ് രജിസ്റ്റർ തയ്യാറാക്കുന്ന അവസരത്തിലാണ് ഏതെങ്കിലും സർക്കാർ ഭൂമിയിൽ അനധികൃത കൈവശങ്ങൾ ഉണ്ടെങ്കിൽ അത്തരം കൈയേറ്റക്കാരുടെ പേര് വിവരങ്ങൾ പ്രസ്തുത രജിസ്റ്ററിൽ രേഖപ്പെടുത്തുന്നത്. ഇത്തരം ലാൻഡ് രജിസ്റ്ററിൽ കൈയേറ്റക്കാരുടെ വിവരങ്ങൾ രേഖപ്പെടുത്തുന്ന എന്നത് അത്തരം ഭൂമിയിലെ കൈവശക്കാർക്ക് പട്ടയം അനുവദിക്കുന്നതിനുള്ള അർഹതാ മാനദണ്ഡമല്ല. പട്ടയ വിതരണത്തിനുള്ള മാനദണ്ഡം ബന്ധപ്പെട്ട ഭൂപതിവ് നിയമവും ചട്ടവുമാണ്. എന്നാൽ ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ, ഡിജിറ്റൽ സർവെ പൂർത്തിയാകുന്ന വില്ലേജുകളിൽ കൈവശാവകാശമുള്ള, അർഹതയുള്ള ആളുകൾക്ക് ഭൂമി ലഭ്യമായില്ലെങ്കിൽ അത് പെട്ടെന്ന് തിരിച്ചറിയാനും അർഹതപ്പെട്ട ആളുകൾക്ക് ആ ഭൂമി കൊടുക്കാനും ഡിജിറ്റൽ റീസർവെയിലൂടെ സാധ്യമാകും എന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. നമ്മുടെ പല പ്രദേശങ്ങളിലും അങ്ങനെ നമുക്ക് ബോധ്യപ്പെട്ടിട്ടുണ്ട്. പത്തനംതിട്ട ജില്ലയിലെ ആദ്യഘട്ട ഡിജിറ്റൽ സർവെയിൽ ഉൾപ്പെട്ടതും മല്ലപ്പള്ളി താലൂക്കിലെ പെരുമ്പട്ടി വില്ലേജിലെ സെറ്റിൽമെന്റ് രജിസ്റ്റർ റിമാർക്സ്

കോളത്തിൽ റിസർവ് എന്നും ബി.ടി.ആർ. റിമാർക്സ് കോളത്തിൽ ആർ.എഫ്. എന്നും രേഖപ്പെടുത്തിയതുമായുള്ള ഭൂമിയിൽ, സർവെ കഴിഞ്ഞപ്പോൾ റിസർവ് നോട്ടിഫിക്കേഷൻ പുറത്താണെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ റിസർവ് വനത്തിന്റെ വിജ്ഞാപനത്തിൽ പ്രതിപാദിക്കുന്ന അതിർത്തിക്ക് പുറത്തുള്ളതും, വനം വകുപ്പിന്റെ ജണ്ടയ്ക്ക് പുറത്തുള്ളതുമായിട്ടുള്ള 747 കൈവശങ്ങൾ ഈ ഡിജിറ്റൽ റീസർവെയിലൂടെ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. ബഹുമാനപ്പെട്ട ശ്രീ. പ്രമോദ് നാരായൺ എം.എൽ.എ.-യുടെ മണ്ഡലത്തിലാണ് ആ പറഞ്ഞ പ്രദേശങ്ങൾ ഉൾപ്പെട്ടിട്ടുള്ളത്. അവിടെ പട്ടയം കൊടുക്കാനുള്ള നടപടിക്രമങ്ങൾ അതിന്റെ അന്ത്യഘട്ടത്തിലാണ്. ഡിജിറ്റൽ റീസർവെയിലൂടെ ഭൂമി അളന്നു തിട്ടപ്പെടുത്തുമ്പോൾ സർക്കാരിന്റെ ഭൂമി ആദ്യം അളന്ന് മാറ്റുകയും അതിനുശേഷം മറ്റുള്ള ഭൂമികൾ അടയാളപ്പെടുത്തുകയും ചെയ്യും. സ്വാഭാവികമായും ദീർഘകാല കൈവശമുള്ള ഒരാളെ റിമാർക്സ് കോളത്തിൽ കൈവശക്കാരന്റെ പേര് രേഖപ്പെടുത്തുകയും അയാൾക്ക് അർഹതപ്പെട്ടിട്ടുണ്ടെങ്കിൽ ആ ഭൂമി കിട്ടാൻവേണ്ടി അവസരം ഉണ്ടാക്കുകയും ചെയ്യും എന്നുള്ളത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. അതുപോലെതന്നെ

ഡിജിറ്റൽ സർവെ വഴി സർക്കാർ ഭൂമിയിലെ അനധികൃത കൈയേറ്റം കണ്ടെത്താനും കഴിയും. ഇത്തരം കേസുകളിൽ ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചതുപോലെ, കേരള ഭൂസംരക്ഷണ നിയമം, ഭൂസംരക്ഷണ ചട്ടങ്ങൾ 1958 പ്രകാരമുള്ള തുടർനടപടികളും, 2009-ലെ ഭേദഗതി നിയമപ്രകാരമുള്ള ശിക്ഷാ നടപടികളും സ്വീകരിച്ച്, സർക്കാർ ഭൂമിയിലെ കൈയേറ്റം ഒഴിപ്പിച്ച് ആ സ്ഥലം സർക്കാരിന്റെ ആവശ്യങ്ങൾക്ക് വേണ്ടി വിനിയോഗിക്കാൻ കഴിയുമെന്നുള്ളത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. ബഹുമാനപ്പെട്ട അംഗം ചോദിച്ചത് വ്യത്യസ്തമായിട്ടുള്ള രണ്ട് കാര്യങ്ങളാണ്. അതിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്ന്, ഇപ്പോൾ കേരളത്തിൽ ഈ ചെറിയ കാലംകൊണ്ട് ഡിജിറ്റൽ റീസർവെയിലൂടെ 8 ലക്ഷം ഹെക്ടറിലധികം ഭൂമി അളന്നുതിട്ടപ്പെടുത്തി കഴിഞ്ഞു. അതോടൊപ്പം തന്നെ 59.82 ലക്ഷം പാർസലുകളും അളന്ന് തിട്ടപ്പെടുത്തി. 59.82 ലക്ഷം ലാൻഡ് പാർസലുകൾ അളന്നു തിട്ടപ്പെടുത്തിയപ്പോൾ അതിൽ 26 ലക്ഷത്തിലധികം ലാൻഡ് പാർസലുകളിൽ അധിക വിസ്തീർണ്ണം കണ്ടെത്തിയതായി നമുക്ക് ബോധ്യപ്പെട്ടു. സ്വകാര്യ ഭൂമി അതിർത്തിക്കകത്ത് നിൽക്കുന്ന അധിക വിസ്തീർണ്ണം

ഉണ്ടാകുന്നത് നേരത്തെ കൺവെൻഷൻ മെത്തേഡുകളിൽ അളന്ന് ഇപ്പോൾ നേരത്തെ അംഗം പറഞ്ഞതുപോലെ, ഏറ്റവും കൃത്യമായിട്ടുള്ള ആക്യുറസി ഉപയോഗിച്ചിട്ടുള്ള ആർ.ടി.കെ. റോവർ കൊണ്ട് അളക്കുന്നതായിരിക്കും. ബൗണ്ടറിക്കകത്ത് നിൽക്കുന്ന അധിക കൈവശമാണെങ്കിൽ സ്വകാര്യഭൂമിയിലെ അധിക കൈവശം സർക്കാരിന് ഏതെങ്കിലും വിധത്തിലുള്ള വാദഗതികളില്ലാത്തതോ, ഭൂമിയുമായി ബന്ധപ്പെട്ട തർക്കങ്ങളില്ലാത്തതോ, അതിർത്തി പ്രശ്നങ്ങളില്ലാത്തതോ ആയ സ്ഥലങ്ങളിൽ, ആ ഭൂമി നേരത്തെ ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ സ്വകാര്യ കൈവശത്തിലുള്ള അധിക ഭൂമി ക്രമവൽക്കരണ ബില്ലിന് കഴിഞ്ഞ നിയമസഭാ യോഗം അംഗീകാരം നൽകിയിട്ടുണ്ട്. ഈ സഭാ സമ്മേളനത്തിൽ അത് അവതരിപ്പിക്കാൻ കഴിയും എന്നുതന്നെയാണ് നമ്മൾ കരുതുന്നത്. എന്നാൽ പട്ടയം നൽകിയിട്ടുള്ള ഭൂമിയിൽ അധിക ഭൂമി കണ്ടെത്തിയാൽ അത് ക്രമീകരിച്ച് നൽകാൻ നിയമപരമായി കഴിയില്ല. കാരണം ഒരു നിശ്ചിത വിസ്തീർണ്ണ ഭൂമിയാണ് പട്ടയപ്രകാരം പതിച്ചു നൽകുന്നത്. അതിനെക്കാൾ കൂടുതൽ ഭൂമി ഉൾപ്പെട്ട് വന്നാൽ അത് സർക്കാർ ഭൂമിയായി

പരിഗണിക്കേണ്ടിവരും. അതൊരു പ്രധാനപ്പെട്ട പ്രശ്നമാണ്. എന്നാൽ സ്വകാര്യ ഭൂമിയുടെ വ്യക്തമായ അതിർത്തിക്കുള്ളിൽ അധിക ഭൂമി കണ്ടെത്തുന്നത് ഡിജിറ്റൽ സർവെ വഴി അളക്കുമ്പോൾ അളവിൽ കൃത്യതയുണ്ടാകുന്നത് മൂലമാണ് ഇങ്ങനെ അധിക ഭൂമി വരുന്നത്. ഇതാണ് സെറ്റിൽമെന്റ് ആക്റ്റും റൂളും അനുസരിച്ച് നടപ്പാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നത്. ലക്ഷക്കണക്കിന് ആളുകൾക്ക് ഇതിന്റെ ഭാഗമായി ഗുണം ലഭ്യമാകും എന്നാണ് പ്രാഥമികമായി മനസ്സിലാക്കാൻ കഴിയുന്നത്. അങ്ങ് ഇവിടെ സൂചിപ്പിച്ച കൊട്ടുമുണ്ട കടവ്, കമ്പനിപ്പടി പ്രദേശങ്ങളിലെ പ്രശ്നങ്ങൾ അങ്ങ് തന്നെ പട്ടയ ഡാഷ്ബോർഡിൽ പട്ടയ അസംബ്ലിയുടെ ഭാഗമായി ഉന്നയിച്ചിട്ടുണ്ട്. തീർച്ചയായും അത് പരിഹരിക്കാൻ അതിവേഗത്തിലുള്ള നടപടികൾ സ്വീകരിക്കും എന്നുകൂടി ബഹുമാനപ്പെട്ട അംഗത്തെ അറിയിക്കുന്നു.

വൈപ്പിൻ കരയിലെ കടലാക്രമണവും ഓരുവെള്ള ഭീഷണിയും

ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: സർ, കാലാവസ്ഥ വ്യതിയാനത്താലുള്ള കടലാക്രമണവും വേലിയേറ്റത്തിന്റെ ഭാഗമായുള്ള ഓരുവെള്ള ഭീഷണിയും

വർഷം ചെല്ലുന്തോറും കൂടുതൽ രൂക്ഷമാകുകയാണ്. ജനസാന്ദ്രതയിൽ മുന്നിൽനിൽക്കുന്ന ദ്വീപ് മണ്ഡലമായ വൈപ്പിൻകരയും ഇതിന്റെ ഭീഷണി നേരിടുന്ന പ്രധാനപ്പെട്ട ഒരു കേന്ദ്രമാണ്. ജനവാസകേന്ദ്രങ്ങളിൽ മുമ്പെങ്ങുമില്ലാത്തവിധം വെള്ളം കയറുന്നതിൽ കടലോരങ്ങളിലും കായലോരങ്ങളിലും പുഴയോരങ്ങളിലും താമസിക്കുന്ന ഭൂരിഭാഗം വരുന്ന മത്സ്യത്തൊഴിലാളികളുൾപ്പെടുന്ന സാധാരണ ജനവിഭാഗങ്ങൾ ആശങ്കയിലാണ്. വർഷങ്ങളായി താമസിച്ചുവരുന്ന വീടും പറമ്പും ഉപയോഗയോഗ്യമല്ലാതായിത്തീരുന്നതിനാൽ നാട് ഉപേക്ഷിച്ചുപോകേണ്ട അവസ്ഥയാണ് ഈ തീരദേശമണ്ഡലത്തിൽ സൃഷ്ടിക്കപ്പെടുന്നത്. നിരവധി ആളുകൾ നഷ്ടപരിഹാരത്തിനായി LRD portal (Department of Land Revenue) വഴി അപേക്ഷകൾ സമർപ്പിച്ചുവെങ്കിലും നാളിതുവരെ നഷ്ടപരിഹാരം ലഭ്യമാക്കാൻ സാധിച്ചിട്ടില്ല. തീരശോഷണം, ജലനിരപ്പുയരൽ എന്നിവകൊണ്ട് ദുരിതമനുഭവിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിനായി അനുവദിച്ചിട്ടുള്ള 50 കോടി രൂപ വിനിയോഗിക്കുന്നതിനും തീരദേശ ദുർബല ഭവനങ്ങൾ കണ്ടെത്തി ഫീൽഡ് സർവെ ഉൾപ്പെടെയുള്ള നടപടികൾ

ദ്രുതഗതിയിലാക്കണമെന്നും ഞാൻ അഭ്യർത്ഥിക്കുകയാണ്.

ജനവാസകേന്ദ്രങ്ങളിലേക്ക് ഓരുവെള്ളം കയറുന്നത് തടയാനായി മണ്ണൊലിച്ചുപോയ താഴ്ന്നപ്രദേശങ്ങളിലും കായലുകളിലും പുഴകളിലും അടിഞ്ഞുകൂടിയിരിക്കുന്ന എക്കലും മണലും ഉപയോഗിച്ച് ഉയർത്തുന്നതിനായും കായലോരങ്ങളും പുഴയോരങ്ങളും പാർശ്വഭിത്തി കെട്ടി സംരക്ഷിക്കുന്നതിനായും ആവശ്യമായ സ്ഥലങ്ങളിൽ സ്ലൂയിസുകൾ നിർമ്മിക്കാനും നടപടികൾ സ്വീകരിക്കണം. ഭൂനിരപ്പ് ഉയർത്തുന്നതിന് തടസമായി ഉയർത്തുന്ന നിയമവശങ്ങൾ ജനസുരക്ഷ കണക്കിലെടുത്ത് പരിശോധിക്കപ്പെടണം. കടലാക്രമണ ഭീഷണിയിൽനിന്നും വൈപ്പിൻ, മുനമ്പം തീരദേശമേഖലയെ സംരക്ഷിക്കുന്നതിനായി I.I.T (Indian Institute of Technology)-യുടെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കി സമർപ്പിച്ച 105 കോടി രൂപയുടെയും ബജറ്റിൽ പ്രഖ്യാപിച്ച 100 കോടി രൂപയുടെ ഓഫ്ഷോർ ബ്രേക്ക് വാട്ടർ പദ്ധതിയും NCCR (National Centre for Coastal Research) പഠന റിപ്പോർട്ട് പ്രകാരമുള്ള പദ്ധതിയും നടപ്പിലാക്കാൻ ആവശ്യപ്പെടുകയാണ്.

എടവനക്കാട് പഞ്ചായത്തിൽ നേരിടുന്ന രൂക്ഷമായ കടലാക്രമണം തടയാൻ GIDA (Goshree Islands Development Authority) വകയിരുത്തിയിട്ടുള്ള 35 കോടി രൂപയുടെയും National Disaster Mitigation Fund-ൽനിന്നും നൽകാമെന്നേറ്റിരുന്ന 20 കോടി രൂപയുടെയും പദ്ധതികൾ നടപ്പിലാക്കേണ്ടതായിട്ടുണ്ട്. വല്ലാർപാടം ദ്വീപിനെ ഓരുവെള്ള ഭീഷണിയിൽനിന്നും സംരക്ഷിക്കുന്നതിനായി GIDA അനുവദിച്ച 12 കോടി രൂപയുടെയും KIIFB (Kerala Infrastructure Investment Fund Board) അനുവദിച്ച 20 കോടി രൂപയുടെയും പദ്ധതികൾ എത്രയുംവേഗം നടപ്പിലാക്കണമെന്ന് ഞാൻ അഭ്യർഥിക്കുകയാണ്. സംസ്ഥാന ദുരന്തനിവാരണ വകുപ്പ് കാലാവസ്ഥ വ്യതിയാനത്തിന്റെ ദുരന്തഫലങ്ങൾ അനുഭവപ്പെടുന്ന സ്ഥലങ്ങൾ സന്ദർശിച്ച് ജനങ്ങളുടെ ആശങ്കകൾ ഗൗരവമായിക്കണ്ട് മറ്റ് വകുപ്പുകളുടെ സഹകരണത്തോടെ മേൽ പദ്ധതികൾ യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പിലാക്കാനും കൂടുതൽ തുക കണ്ടെത്താനായി പ്രൊപ്പോസൽ തയ്യാറാക്കുന്നതിനും നടപടികൾ സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച വിഷയം ഇവിടെ സൂചിപ്പിച്ചതുപോലെ സർക്കാർ ക്രിയാത്മകമായ ഇടപെടലുകൾ നടത്തിയ വിഷയമാണ്. എറണാകുളം ജില്ലയിലെ വൈപ്പിൻ ദ്വീപ് കാലാവസ്ഥ വ്യതിയാനത്താലുള്ള ഓരുവെള്ള ഭീഷണിയിൽനിന്ന് സംരക്ഷിക്കുന്നതിനായി അടിയന്തര നടപടികൾ എന്ന നിലയിൽ NCCR (National Centre for Coastal Research) പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന തീരദേശ മാനേജ്മെന്റ് പ്ലാൻ അന്തിമഘട്ടത്തിലാണ്, അംഗീകാരം ലഭിച്ചുകഴിഞ്ഞാൽ സ്ഥിരമായ തീരദേശ സംരക്ഷണ നടപടികൾ നിർദ്ദേശിക്കാൻ കഴിയും. തുടർന്ന്, മുഴുവൻ വൈപ്പിൻ തീരപ്രദേശത്തിനും അനുയോജ്യമായ പരിഹാരമാർഗങ്ങൾ നടപ്പിലാക്കാനും സാധിക്കും. നായരമ്പലം, എടവനക്കാട്, ഞാറക്കൽ എന്നീ പഞ്ചായത്തുകളിൽ ജിയോ ബാഗുകൾ ഉപയോഗിച്ചുകൊണ്ടുള്ള അടിയന്തര താൽക്കാലിക സംരക്ഷണ പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. ഇതുകൂടാതെ എടവനക്കാട് ഗ്രാമപഞ്ചായത്തിൽ മഴക്കാലത്ത് അനുഭവിക്കുന്ന അതിരൂക്ഷമായ

കടലാക്രമണം തടയുന്നതിലേക്കായി ടെട്രോപാഡ് സ്ഥാപിക്കുന്നതിന് GIDA (Goshree Islands Development Authority) ലഭ്യമാക്കിയ 35 കോടി രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്ന വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. National Disaster Mitigation Fund-ൽ നിന്നും തീരശോഷണം നേരിടുന്ന പ്രദേശങ്ങൾക്കുവേണ്ടി കടലാക്രമണ പ്രതിരോധ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്. ജലസേചന വകുപ്പും സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയും ചേർന്ന് സാങ്കേതിക പഠനം നടത്തി ദേശീയ ദുരന്തനിവാരണ അതോറിറ്റിക്ക് പദ്ധതി സമർപ്പിക്കാനാവശ്യമായ നടപടികൾ അവസാനഘട്ടത്തിലാണ്. 2024-25 സാമ്പത്തിക വർഷത്തിൽ 99.39 ലക്ഷം രൂപയുടെ 7 പ്രവൃത്തികളും 2025-26 സാമ്പത്തിക വർഷത്തിൽ 203.55 ലക്ഷം രൂപയുടെ 11 പ്രവൃത്തികളും നടപ്പിലാക്കിയതുമൂലം തീരപ്രദേശങ്ങൾക്ക് സംരക്ഷണം നൽകിയിട്ടുണ്ട്. കാർബൺ ന്യൂട്രൽ ഗോശ്രീ കാർഷിക പദ്ധതിയായ "Flow Goshree" എന്ന പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി വൈപ്പിൻ പ്രദേശത്തെ തോടുകളുടെ പുനരുജ്ജീവനത്തിനായി കുഴുപ്പിള്ളി പഞ്ചായത്തിലെ 9 പ്രവൃത്തികൾക്കായി

76.78 ലക്ഷം രൂപയും എടവനക്കാട് പഞ്ചായത്തിലെ ഒരു പ്രവൃത്തിക്കായി 59 ലക്ഷം രൂപയും മുളവുകാട് പഞ്ചായത്തിൽ 4 പ്രവൃത്തികൾക്കായി 200.30 ലക്ഷം രൂപയും പള്ളിപ്പുറം പഞ്ചായത്തിൽ 10 പദ്ധതികൾക്കായി 74 ലക്ഷം രൂപയും നായരമ്പലം പഞ്ചായത്തിൽ 4 പ്രവൃത്തികൾക്കായി 372.70 ലക്ഷം രൂപയുടെയും പ്രൊപ്പോസൽ അംഗീകാരത്തിനായി Goshree Islands Development Authority-ക്ക് നൽകിയിട്ടുള്ളതും സർക്കാരിന്റെ സജീവ പരിഗണനയിലുമാണ്.

നവകേരള സദസ്സിൽ ഉയർന്നുവന്ന ആർഎംപി തോടിന്റെ പാർശ്വഭിത്തി കെട്ടി സംരക്ഷിക്കുന്നതിനായി 229 ലക്ഷം രൂപയുടെ ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. കൂടാതെ, ആർഎംപി തോടിന്റെ സംരക്ഷണത്തിനായി 200 ലക്ഷം രൂപ അടങ്കൽ വരുന്ന മറ്റൊരു പദ്ധതിക്ക് ഭരണാനുമതി നൽകുന്ന വിഷയവും സർക്കാരിന്റെ പരിഗണനയിലാണ്. വല്ലാർപാടം ദ്വീപിനെ ഓരുവെള്ള ഭീഷണിയിൽനിന്നും സംരക്ഷിക്കുന്നതിന് GIDA-യുടെ 12 കോടി രൂപയ്ക്ക് മേജർ ഇറിഗേഷൻ വകുപ്പ് എസ്റ്റിമേറ്റ്

തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ ആ പ്രദേശങ്ങളിൽ കൈയേറ്റങ്ങളുള്ളതായി പ്രഥമദൃഷ്ട്യാ ബോധ്യപ്പെട്ടിട്ടുള്ളതിനാൽ എറണാകുളം ജില്ലാ കളക്ടർ നിയോഗിച്ചിട്ടുള്ള പ്രത്യേക സർവെ ടീം അവിടെ നടത്തിവരുന്ന ഫീൽഡ് സർവെ അന്തിമഘട്ടത്തിലാണ്. സർവെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

2025-26 സാമ്പത്തിക വർഷത്തിൽ ഓപ്പറേഷൻ വാഹിനി പദ്ധതിയിലുൾപ്പെടുത്തി ആർഎംപി തോടിന്റെ അഴിമുഖത്ത് അടിഞ്ഞുകൂടിയിരിക്കുന്ന എക്കലും ചെളിയും നീക്കം ചെയ്യുന്ന പ്രവൃത്തികൾ ചെയ്തുവരുന്നുണ്ട്. വല്ലാർപാടം കായലോരത്തെ ഔട്ടർ ബണ്ട് നിർമ്മാണത്തിനുള്ള ഡിസൈൻ ഇറിഗേഷൻ ഡിസൈൻ ആൻഡ് റിസർച്ച് ബോർഡ്, തിരുവനന്തപുരം നൽകിയതനുസരിച്ച് 12 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരത്തിന് നൽകിയിട്ടുണ്ട്. ഈ പ്രവൃത്തി സമാനമായ രീതിയിൽ വൈപ്പിൻ ദ്വീപിൽ ചെയ്താൽ വേലിയേറ്റ വെള്ളപ്പൊക്കം മൂലമുള്ള ദുരിതത്തിൽനിന്നും സംരക്ഷിക്കാൻ സാധിക്കും.

സമാനരീതിയിൽ കൊച്ചി കോർപ്പറേഷന്റെ പരിധിയിൽ വരുന്ന കായലിനാൽ ചുറ്റപ്പെട്ട പ്രദേശമായ താന്തോന്നിത്തുരുത്ത് ദ്വീപിലെ ഔട്ടർ ബണ്ട് നിർമ്മാണത്തിനായി 6 കോടി രൂപയുടെ പ്രവൃത്തികൾ ആരംഭിച്ചുകഴിഞ്ഞു. ടി പ്രവൃത്തിയുടെ Pile and slab കാസ്റ്റ് ചെയ്തുകൊണ്ടിരിക്കുകയാണ്. ഇടക്കൊച്ചി, കുമ്പളം, പെരുമ്പടപ്പ് മേഖലകളിൽ സ്ലൂയിസ് നിർമ്മിക്കുന്നതിനും പാർശ്വഭിത്തി/സംരക്ഷണഭിത്തി നിർമ്മിച്ച് വേലിയേറ്റ വെള്ളപ്പൊക്കം നിയന്ത്രിക്കുന്നതിനും ഉതകുന്ന തരത്തിൽ 4.85 കോടി രൂപയുടെ അടങ്കൽ വരുന്ന 3 പ്രവൃത്തികൾ ടെണ്ടർ നടപടികളിലാണ്. ഈ പ്രവൃത്തികൾ നടപ്പിലാക്കുന്നതോടെ ഈ മേഖലയിലെ ഓരുവെള്ളക്കയറ്റം കുറയ്ക്കാനും പ്രദേശവാസികൾക്ക് ആശ്വാസം നൽകാനും സാധിക്കുന്നതാണ്.

സർക്കാർ ഉത്തരവ് നം.343/2015/DMD 23-07-2015 പ്രകാരം തീരശോഷണം ഒരു സംസ്ഥാന സവിശേഷ ദുരന്തമായി സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം തീരശോഷണം നേരിടുന്ന ദുരന്തബാധിതർക്ക് ദുരിതാശ്വാസ സഹായത്തിന് അർഹതയുണ്ട്. പുഴയിൽനിന്നോ കടലിൽനിന്നോ കായലിൽനിന്നോ മറ്റ്

ജലസ്രോതസുകളിൽനിന്നോ ഉള്ള അധികജലം മൂലമുണ്ടാകുന്ന വെള്ളപ്പൊക്കത്തെത്തുടർന്ന് ദുരന്തബാധിതരാകുന്നവർക്കും സർക്കാർ ഉത്തരവ് പ്രകാരം ദുരിതാശ്വാസ സഹായത്തിന് അർഹതയുണ്ട്. സംസ്ഥാന ദുരന്തനിവാരണ വകുപ്പ് ഈ വിഷയത്തിൽ ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിക്കുകയാണ്.

ഉളിയത്ത് കടവ് റെഗുലേറ്റർ കം ബ്രിഡ്ജ്

ശ്രീ. ടി. ഐ. മധുസൂദനൻ: സർ, കണ്ണൂർ ജില്ലയിലെ പയ്യന്നൂർ നിയോജക മണ്ഡലത്തെയും കാസർഗോഡ് തൃക്കരിപ്പൂർ നിയോജക മണ്ഡലത്തെയും ബന്ധിപ്പിക്കുന്നതും പയ്യന്നൂർ നഗരസഭ, തൃക്കരിപ്പൂർ, പിലിക്കോട്, കരിവെള്ളൂർ പെരളം, കാങ്കോൽ, ആലപ്പടമ്പ് എന്നീ ഗ്രാമപഞ്ചായത്തുകളിലെയും കാർഷിക മേഖലയ്ക്ക് വളരെയേറെ ഗുണപ്രദമാകുന്നതുമായ ഉളിയം കടവ് റെഗുലേറ്റർ കം ബ്രിഡ്ജ് എന്ന ആവശ്യത്തിന് പതിറ്റാണ്ടുകളുടെ പഴക്കമുണ്ട്. കവ്വായി കായലിൽനിന്നും വലിയതോതിൽ ഉപ്പുവെള്ളം കയറുന്നതിനാൽ മേൽപ്പറഞ്ഞ തദ്ദേശ സ്ഥാപനങ്ങളിലെ നൂറുകണക്കിന് ഏക്കർ നെൽകൃഷി നശിക്കുകയും

രണ്ടുവിള കൃഷി ചെയ്യാൻ കഴിയാത്ത അവസ്ഥയുണ്ടാകുകയും ചെയ്യുന്നു. നെൽകൃഷി മാത്രം ഉപജീവനമാക്കിയ കരിവെള്ളൂർ പെരളം ഗ്രാമപഞ്ചായത്തിലെ കുണിയൻ പ്രദേശത്ത് നിരവധി കർഷകരാണ് നെൽകൃഷി ഉപേക്ഷിച്ച് പാടങ്ങൾ തരിശിട്ട് ജീവിതം പാഴായിപ്പോകുന്ന നിലയിലേക്ക് ഇന്ന് ചെന്നുനിൽക്കുന്നത്. താൽക്കാലിക തടയണകൾ കെട്ടി ചില സ്ഥലങ്ങളിൽ കൃഷി ചെയ്യാൻ പാടശേഖര സമിതികളുടെ നേതൃത്വത്തിൽ ശ്രമിക്കാറുണ്ടെങ്കിലും ഇപ്പോൾ അതിനും കഴിയാത്ത നിലയിൽ ഉപ്പുവെള്ളം കയറുകയാണ്. കൂടാതെ, പ്രദേശത്തെ നൂറുകണക്കിന് കിണറുകളിൽ ഉപ്പുവെള്ളം കയറി കുടിവെള്ളം മുട്ടുന്ന അവസ്ഥയും നിലനിൽക്കുന്നു. ഇതിന് ശാശ്വത പരിഹാരം ഉണ്ടാകണമെങ്കിൽ കവ്വായി പുഴയുടെ ഉളിയം കടവിൽ റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മിക്കണം. ഇറിഗേഷൻ വകുപ്പ് 84 കോടി 40 ലക്ഷം രൂപയുടെ DPR (Detailed Project Report) തയ്യാറാക്കി NABARD (National Bank for Agriculture and Rural Development)-ന് ധനസഹായത്തിനായി സമർപ്പിച്ചിട്ടുണ്ട്. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായുള്ള ഉപ്പ് സത്യാഗ്രഹം നടന്ന സ്ഥലം എന്ന ചരിത്രപരമായ

പ്രാധാന്യംകൂടി ഉളിയം കടവിനുണ്ട്. ആയതിനാൽ സർക്കാർ ഈ പദ്ധതിയുടെ പ്രാധാന്യം കണക്കിലെടുത്ത് മുൻഗണന നൽകി ഈ പദ്ധതിക്ക് ഭരണാനുമതി നൽകണമെന്ന് ഈ സബ്മിഷനിലൂടെ അഭ്യർഥിക്കുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ് ബഹുമാനപ്പെട്ട എം.എൽ.എ. സബ്മിഷനിലൂടെ ഉന്നയിച്ചിട്ടുള്ളത്. കാസർഗോഡ് ജില്ലയിലെ ഈ വിഷയം നേരത്തെതന്നെ ചർച്ച ചെയ്യപ്പെട്ടിട്ടുള്ളതാണ്. കാസർഗോഡ് ജില്ലയിലെ ഉളിയം കടവിൽ കവ്വായി നദിക്കുകുറുകെ ഉപ്പുവെള്ള പ്രതിരോധ റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മിക്കുക എന്നതാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. നദീമുഖത്തുനിന്ന് 3.50 കിലോമീറ്റർ അകലെയാണിത്. പയ്യന്നൂർ മുനിസിപ്പാലിറ്റി, തൃക്കരിപ്പൂർ, പീലിക്കോട്, കരിവെള്ളൂർ-പെരളം എന്നീ ഗ്രാമപഞ്ചായത്തുകളിലെ കാർഷികമേഖലയിലേക്ക് ഉപ്പുവെള്ളം പ്രവേശിക്കുന്നത് തടയാൻ ഈ പദ്ധതി പൂർത്തീകരണത്തിലൂടെ സാധിക്കും. നിർദിഷ്ട റെഗുലേറ്റർ കം ബ്രിഡ്ജിന്റെ നീളം 125.40 മീറ്ററാണ്. 12 മീറ്റർ

നീളമുള്ള 7 സ്പാനുകളുണ്ട്. ബോട്ട് ക്രോസിങ്ങിനായി ലോക്ക് ചേംബറിന് വലതുവശത്ത് 12 മീറ്റർ സ്പാനും ലോക്ക് ചേംബറിനടുത്ത് വലതുവശത്ത് ഒരു ലാൻഡ് സ്പാനും ഉൾപ്പെടുത്തിയിട്ടുണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ. സൂചിപ്പിച്ചതുപോലെ പ്രസ്തുത പദ്ധതിക്കായി 2024-25 വർഷത്തിലുൾപ്പെടുത്തി 85.40 കോടി രൂപയുടെ വിശദമായ പദ്ധതി രൂപരേഖ (ഡി.പി.ആർ.) അംഗീകാരം ലഭിക്കുന്നതിനായി സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. അപ്രോച്ച് റോഡിനുവേണ്ടി പുഴയുടെ ഇടതുകരയിൽ 90 മീറ്റർ നീളത്തിലും 15 മീറ്റർ വീതിയിലും വലതുകരയിൽ 120 മീറ്റർ നീളത്തിലും 15 മീറ്റർ വീതിയിലും സ്ഥലം ആവശ്യമാണ്. ഇടതുകരയിലെ സ്ഥലത്തിന്റെ ഉടമസ്ഥൻ റീകൺസെന്റ് നൽകാൻ വാക്കാൽ സമ്മതമറിയിച്ചിട്ടുണ്ട്. വലതുകരയിൽ റീകൺസെന്റ് ലഭിക്കുന്നതിനുവേണ്ടി എം.എൽ.എ.-യുടെ നേതൃത്വത്തിൽ പ്രാദേശിക സമിതിയിൽ ചർച്ചകൾ നടന്നുവരികയാണ്. ബഹുമാനപ്പെട്ട തൃക്കരിപ്പൂർ എം.എൽ.എ. ഇക്കാര്യം വളരെ നേരത്തെതന്നെ പരിശ്രമിച്ചിരുന്നു. ഇരുവരും ഇക്കാര്യത്തിലെടുക്കുന്ന നല്ല തീരുമാനങ്ങൾ പദ്ധതി നടപ്പിലാക്കാൻ സഹായകരമാകുമെന്നാണ് സർക്കാരും കരുതുന്നത്. കൺസെന്റ് ലഭിച്ചാലുടൻ

വിശദമായ പദ്ധതി രൂപരേഖ (ഡി.പി.ആർ.) തയ്യാറാക്കി അംഗീകാരത്തിനായി സമർപ്പിച്ച് ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നതാണ്.

## ഇരിക്കൂറിലെ ജലനിധി പദ്ധതി

ശ്രീ. സജീവ് ജോസഫ്: സർ, ഇരിക്കൂർ ഉൾപ്പെടെ വിവിധ പഞ്ചായത്തുകളിലെ ജലനിധി പദ്ധതി നേരിടുന്ന പ്രതിസന്ധി പരിഹരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടാണ് ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. ഇരിക്കൂർ ഗ്രാമപഞ്ചായത്ത് കഴിഞ്ഞ ഒൻപത് വർഷമായി മൂവായിരത്തോളം ഗുണഭോക്താക്കൾക്ക് ജലനിധി പദ്ധതിവഴി കുടിവെള്ളം നൽകിവരികയാണ്. ആദ്യകാലത്ത് ഈ പദ്ധതി കാര്യക്ഷമമായി നടന്നിരുന്നു. എന്നാൽ നിലവിൽ രൂക്ഷമായ പ്രതിസന്ധിയാണ് ഉടലെടുത്തിട്ടുള്ളത്. ജലനിധി കമ്മിറ്റി മാസംതോറും ബിൽ തുക കൃത്യമായി അടയ്ക്കാൻ കഴിയാത്തതുമൂലം പലപ്പോഴും ജലവിതരണം നിർത്തിവയ്ക്കുന്ന സംഭവങ്ങൾ ആവർത്തിക്കുകയാണ്. കൃത്യമായി ബിൽ അടയ്ക്കുന്നവർക്കുപോലും അതുമൂലം

കുടിവെള്ളം ലഭിക്കാത്ത അവസ്ഥയുണ്ടാകുന്നു. ഓണം, റംസാൻ പോലുള്ള ആഘോഷവേളകളിൽപ്പോലും ജലവിതരണം നിർത്തിവയ്ക്കുന്ന സാഹചര്യമുണ്ടായി. ഇതുമൂലം സംഘർഷാവസ്ഥയിലേക്ക് പോകുന്ന സാഹചര്യം പോലുമുണ്ടാവുകയാണ്. കുടിശ്ശിക വ്യാപകമായിരിക്കെ തുടർച്ചയായി ഇരിക്കൂർ പഞ്ചായത്തിൽ മാത്രം പൊതുവായി കണക്ഷൻ വിച്ഛേദിക്കുന്നത് പ്രതിഷേധാർഹമാണ്. ഈ വിഷയം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ അദ്ദേഹം അതിൽ ഇടപെട്ട് കണക്ഷൻ പുനഃസ്ഥാപിക്കുന്ന നടപടി സ്വീകരിച്ചിട്ടുണ്ട്. പദ്ധതിയുടെ ഉദ്ദേശ്യശുദ്ധി നല്ലതാണെങ്കിലും ഒൻപത് വർഷം മുമ്പ് ആരംഭിച്ച പദ്ധതി നിലവിൽ പല കാരണങ്ങൾകൊണ്ടും വിജയകരമല്ല. ജലനിധി ഈടാക്കുന്ന വാട്ടർ ചാർജ്ജും വാട്ടർ അതോറിറ്റി പൊതുവായി ഈടാക്കുന്ന വാട്ടർ ചാർജ്ജും തമ്മിൽ വലിയ അന്തരമുണ്ട്. ശരാശരി പതിനായിരം ലിറ്റർ വരെയുള്ള വെള്ളം ഉപയോഗത്തിന് വാട്ടർ അതോറിറ്റി പ്രതിമാസം 104 രൂപ ഈടാക്കുമ്പോൾ ജലനിധിയിൽ അത് 250 രൂപയാണ്. ബി.പി.എൽ. കുടുംബങ്ങൾക്ക് സബ്സിഡി സൗകര്യങ്ങളില്ല. പതിവായി പൈപ്പ് പൊട്ടൽമൂലമുണ്ടാകുന്ന

അറ്റകുറ്റപ്പണികളും പാഴാകുന്ന വെള്ളത്തിന്റെ തുക അടയ്ക്കേണ്ടിവരുന്നതും 6 രൂപ എന്ന നിരക്ക് 16.62 രൂപയിലേക്ക് വർധിപ്പിച്ചതുമൊക്കെ പദ്ധതി നഷ്ടത്തിലാക്കി. പദ്ധതി ആരംഭിച്ച കാലത്തെ കമ്മിറ്റികളുടെ കാര്യക്ഷമതയും ആവേശവും ഇപ്പോഴില്ലാത്തത് ഗൗരവമായി കാണേണ്ടതാണ്. കമ്മിറ്റികളുടെയോ അധികൃതരുടെയോ വീഴ്ചകാരണം ജനങ്ങൾക്ക് കുടിവെള്ളം മുടങ്ങുന്ന സാഹചര്യമൊഴിവാക്കാൻ ജലനിധി സംവിധാനം കാലോചിതമായി പരിഷ്കരിക്കണം. നിലവിലെ കുടിശ്ശിക പ്രതിസന്ധി പരിഹരിക്കാൻ പലിശയും പിഴപ്പലിശയും ഒഴിവാക്കണം. 20 മുതൽ 25 ശതമാനം വരെയുള്ള വാട്ടർ ലീക്കേജ് നഷ്ടം ഇളവായി പരിഗണിക്കണം. വാട്ടർ അതോറിറ്റി കണക്ഷന് കൊടുക്കുന്ന വിലയ്ക്കുതന്നെ ജലനിധിക്കും ജലം നൽകാനുള്ള നടപടി സ്വീകരിക്കണം. ജലനിധി കമ്മിറ്റിയുടെ സാമ്പത്തിക ബാധ്യത കുറയ്ക്കാൻ സർക്കാർ തയ്യാറാകണം. പഞ്ചായത്തിന് ലഭിക്കുന്ന കുടിവെള്ളത്തിനുള്ള ഫണ്ടും ഗ്രാന്റും കുടിശ്ശിക അടയ്ക്കാനുള്ള പ്രത്യേകമായ അനുമതി നൽകണം. ജലനിധി കാലോചിതമായി പരിഷ്കരിക്കുന്നില്ലെങ്കിൽ ജൽജീവൻ മിഷൻ പോലുള്ള വൻ പദ്ധതികളിൽ ഇതിനെ ഉൾപ്പെടുത്തുകയും അതുവരെ വാട്ടർ

അതോറിറ്റി നേരിട്ട് ജലവിതരണം നടത്തി പ്രതിസന്ധി പരിഹരിക്കാൻ നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. ഈ വിഷയത്തിൽ ഒരു യോഗം വിളിച്ചുചേർക്കണമെന്നുകൂടി അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ബഹുമാനപ്പെട്ട സജീവ് ജോസഫ് ഉന്നയിച്ച പ്രശ്നം ഇരിക്കൂർ മണ്ഡലത്തിലെ മാത്രമല്ല കേരളത്തിൽ പൊതുവിലുണ്ടായിട്ടുള്ള വിഷയമാണ്. ലോക ബാങ്കിന്റെ ധനസഹായത്തോടെ സംസ്ഥാനത്ത് നടപ്പിലാക്കിയ കുടിവെള്ള വിതരണ പദ്ധതിയാണ് ജലനിധി. ഈ പദ്ധതിയുടെ ഭാഗമായി ഓരോ സ്കീമുകൾക്കുവേണ്ടി ഗുണഭോക്തൃ സമിതികൾ രൂപീകരിക്കുകയും ആകെ നിർമ്മാണ ചെലവിന്റെ പത്ത് ശതമാനം ഗുണഭോക്തൃ വിഹിതവും 15 ശതമാനം ഗ്രാമപഞ്ചായത്ത് വിഹിതവുമായിട്ടാണ് പദ്ധതി യാഥാർത്ഥ്യമാക്കിയത്. സ്കീമുകളുടെ തുടർനടത്തിപ്പിനും പരിപാലനത്തിനും ആവശ്യമായ തുക എത്രയെന്ന് കണക്കാക്കി ആയത് ഗുണഭോക്താക്കളിൽനിന്നും സമിതിതന്നെ ശേഖരിച്ചാണ് അവരുടെ ഉടമസ്ഥതയിൽ സ്കീമുകൾ

നടത്തിക്കൊണ്ടുപോകുന്നത്. പ്രാദേശികമായി പുതിയ സ്രോതസ്സുകൾ നിർമ്മിച്ചും നിലവിലുള്ള സ്രോതസ്സുകൾ വികസിപ്പിച്ചുമാണ് പദ്ധതി നടപ്പിലാക്കിയത്. എന്നാൽ അത്തരത്തിലുള്ള സ്രോതസ്സുകൾ ലഭ്യമല്ലാത്തയിടങ്ങളിൽ ഗ്രാമപഞ്ചായത്തുകളും സമിതികളും കേരള വാട്ടർ അതോറിറ്റിയിൽനിന്നും മൊത്തമായി കുടിവെള്ളം വാങ്ങി ഗുണഭോക്തൃ കുടുംബങ്ങൾക്ക് വിതരണം ചെയ്യുന്ന തരത്തിലുള്ള ബൾക്ക് വാട്ടർ സപ്ലൈ പദ്ധതിയും ജലനിധിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയിട്ടുണ്ട്.

ജലനിധി പദ്ധതി നടപ്പിലാക്കി തുടർന്നുവന്നതിൽനിന്ന് വ്യത്യസ്തമായി കാര്യക്ഷമമല്ലാത്ത പ്രവർത്തനങ്ങളിലൂടെ പദ്ധതി അലംഭാവമായിപ്പോയി എന്നാണ് ബഹുമാനപ്പെട്ട എം.എൽ.എ. സൂചിപ്പിച്ചത്. വാട്ടർ അതോറിറ്റി ഗുണഭോക്താക്കൾക്ക് നേരിട്ട് വെള്ളം വിതരണം ചെയ്യുന്നത് 10 കിലോലിറ്റർ വരെയുള്ള ഉപഭോഗത്തിന് 140.41 രൂപ എന്ന നിരക്കിലാണ്. 10 കിലോലിറ്ററിന് മുകളിലുള്ള ഉപഭോഗത്തിന് വിവിധ സ്ലാബുകളിലായി വാട്ടർ ചാർജ്ജ് നിരക്ക് നിശ്ചയിച്ചിട്ടുണ്ട്. 50 കിലോലിറ്ററിന് മുകളിൽവരുന്ന

ഉപഭോഗത്തിന് കിലോലിറ്ററിന് 54.10 രൂപ നിരക്കിലാണ് ഗാർഹിക ഉപഭോക്താക്കൾ നൽകേണ്ടത്. എന്നാൽ ജലനിധി ബൾക്ക് വാട്ടർ സപ്ലൈ സ്കീമിൽ ഒരു നിശ്ചിത പോയിന്റിൽ കേരള വാട്ടർ അതോറിറ്റി വെള്ളം എത്തിച്ചുകൊടുക്കുന്ന ഗ്രാമപഞ്ചായത്തുകൾ ഗുണഭോക്തൃ സമിതികളിൽനിന്നും 1 കിലോലിറ്ററിന് 16.62 രൂപയാണ് ഈടാക്കുന്നത്. വാട്ടർ അതോറിറ്റി നൽകുന്ന സ്ഥലത്തുനിന്നും വിതരണ ലൈനിലൂടെ ഗുണഭോക്തൃ കുടുംബങ്ങളിലേക്ക് വെള്ളമെത്തിക്കുന്നത് ഗുണഭോക്തൃ സമിതികളാണ്. അതോടൊപ്പം അതിന്റെ തുടർനടത്തിപ്പും പരിപാലനവും നോൺ റവന്യൂ വാട്ടർ (NRW) എന്നിവയും സമിതിയാണ് വഹിക്കുന്നത്. ഇത് കേന്ദ്രാവിഷ്കൃത പദ്ധതി കൊണ്ടുവന്ന സമയം മുതലുള്ള നടപടിക്രമമാണ്. ആ നിലയിലാണ് ഇപ്പോഴും തുടർന്നുപോകുന്നത്. എന്നാൽ, വ്യാപകമായ കുടിശ്ശിക വരികയും തുക അടയ്ക്കാൻ കഴിയാത്ത സ്ഥിതിയുണ്ടാവുകയും കുടിവെള്ള വിതരണം തടസ്സപ്പെടുകയും ചെയ്തു. അത്തരം സന്ദർഭങ്ങളിൽ എം.എൽ.എ.-മാർ ആവശ്യപ്പെടുമ്പോൾ അത് പരിഹരിച്ചുകൊണ്ട് വീണ്ടും കുടിവെള്ളം കൊടുക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്. പക്ഷേ ഇങ്ങനെ

തുടർന്നുപോകാൻ കഴിയില്ല. വാട്ടർ അതോറിറ്റി, ഗുണഭോക്താക്കൾക്ക് നൽകുന്ന വെള്ളത്തിന്റെ ചാർജ്ജും കുടിവെള്ളത്തിനുവേണ്ടി ജലനിധി മുഖാന്തരം കൊടുക്കുന്ന വെള്ളത്തിന്റെ ചാർജ്ജിലും വന്നിട്ടുള്ള അന്തരമുണ്ട്. ഇത് പരിഹരിക്കാനായി ചർച്ച നടത്താം. പക്ഷേ അതുകൊണ്ടുമാത്രം പ്രശ്നം പരിഹരിക്കപ്പെടുന്നില്ല. ജലനിധി പദ്ധതിവഴി ഓരോ ഗുണഭോക്താവിനും കൊടുക്കുന്ന വെള്ളത്തിന്റെ തോതിന് സ്ലാബ് നിശ്ചയിക്കണം. ആ തുക കൃത്യമായി അടയ്ക്കാൻ കഴിയണം. മെയിൻ പ്രോജക്ടുകൾ കൊണ്ടുവരുമ്പോൾ കോടിക്കണക്കിന് രൂപയുടെ പദ്ധതിയാണ് ആവിഷ്കരിക്കുന്നത്. അതിന്റെ ചെലവും മെയിന്റനൻസും വാട്ടർ അതോറിറ്റി നടത്തിക്കൊണ്ടുപോകണം. മാത്രമല്ല ഏതാണ്ട് 24 രൂപയ്ക്ക് മുകളിലാണ് ഒരു കിലോലിറ്റർ ട്രീറ്റ്മെന്റ് ചെയ്ത വെള്ളത്തിന് ചെലവഴിക്കപ്പെടുന്നത്. 24.42 രൂപ ചെലവഴിക്കുമ്പോൾ 14.41 രൂപയ്ക്കാണ് 1 കിലോലിറ്ററിന് നമ്മൾ കൊടുക്കുന്നത്. അതിന്റെ മെയിന്റനൻസ്, ജീവനക്കാരുടെ പെൻഷൻ, മറ്റ് ആനുകൂല്യങ്ങൾ എന്നിവയ്ക്കെല്ലാം വലിയ ബുദ്ധിമുട്ട് നേരിടുന്നുണ്ടെങ്കിലും കുടിവെള്ളത്തിന്റെ കാര്യത്തിലുള്ള പ്രത്യേക പരിഗണനയിന്മേലാണ് ഇക്കാര്യങ്ങൾ മുന്നോട്ടുകൊണ്ടുപോകുന്നത്. വാട്ടർ

അതോറിറ്റി ബൾക്ക് വാട്ടർ ആയി ജലനിധിക്ക് കൊടുക്കുന്ന വെള്ളത്തിൽ ഗാർഹികാവശ്യത്തിനുവേണ്ടി ഉപയോഗിക്കപ്പെടുന്ന വെള്ളത്തിൽ വന്നിരിക്കുന്ന അന്തരം പരിഹരിക്കാനുള്ള ആലോചന നടത്താം. അതോടൊപ്പം കാലാനുസൃതമായ മാറ്റം ഉൾക്കൊണ്ടുകൊണ്ട് ജലനിധി കമ്മിറ്റികൾ സജീവമായി കൊണ്ടുപോകാനും പഞ്ചായത്തുകൾ ശ്രദ്ധിക്കണം. സ്ലാബ് തിരിച്ച് ഗുണഭോക്താക്കൾ ഉപയോഗിക്കുന്ന വെള്ളത്തിന്റെ തോതിനനുസരിച്ച് മാത്രം തുക ഈടാക്കാനാവശ്യമായ നടപടിയും സ്വീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഏകദേശം അയ്യായിരത്തിനുമുകളിൽ പദ്ധതികൾ ജലനിധിക്കുണ്ട്. 24 പദ്ധതിക്കുമാത്രമാണ് അതോറിറ്റിയിൽനിന്നും ബൾക്ക് വാട്ടർ ജലനിധി വാങ്ങുന്നത്. എന്നാൽ കേരളത്തിൽ നല്ലനിലയിൽ വരുമാനമുള്ള കമ്മിറ്റികളുണ്ട്. അവർതന്നെ പൈപ്പുകൾ മാറ്റിയിടുകയും മോട്ടോറുകൾ മാറ്റിസ്ഥാപിക്കുകയും ഗുണമുള്ള വെള്ളം നൽകുകയും ചെയ്യുന്നുണ്ട്. അതൊക്കെ ചില സ്ഥലങ്ങളിൽ നന്നായി നടക്കുന്നുണ്ട്. പ്രദേശിക സർക്കാർ എന്ന നിലയിൽ പഞ്ചായത്തുകളും ഭരണസമിതിയും കാര്യക്ഷമമായ ഇടപെടലിലൂടെ

ഇക്കാര്യങ്ങൾ മോണിറ്റർ ചെയ്യാനും പരിശോധനകൾ പൂർത്തീകരിച്ച് സ്ലാബ് തിരിച്ച് വെള്ളം കൊടുക്കുന്ന അളവിനനുസരിച്ച് തുക വാങ്ങുകയും ചെയ്യേണ്ടതുണ്ട്. വാട്ടർ ചാർജ്ജിലെ അന്തരം ഒഴിവാക്കിക്കൊണ്ട് ജലവിതരണം നടത്താനാവശ്യമായ നടപടികൾ സ്വീകരിക്കാം.

<u>ഭൂതത്താൻകെട്ട് മിനി ജലവൈദ്യുതി പദ്ധതി</u>

<u>ശ്രീ. ആന്റണി ജോൺ</u>: സർ, ഭൂതത്താൻകെട്ട് മിനി ജലവൈദ്യുതി പദ്ധതിയുടെ ശേഷിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിച്ച് പദ്ധതി അടിയന്തരമായി കമ്മീഷൻ ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ടാണ് എന്റെ ഈ സബ്മിഷൻ. പതിനാലാം കേരള നിയമസഭയിലും പതിനഞ്ചാം കേരള നിയമസഭയിലെ വിവിധ സമ്മേളനങ്ങളിലും പ്രസ്തുത വിഷയം സഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതാണ്. വർഷങ്ങൾ പിന്നിടുമ്പോൾ, ഭൂതത്താൻകെട്ട് മിനി ജലവൈദ്യുതി പദ്ധതിയുടെ നിർമ്മാണം പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യാൻ സാധിച്ചിട്ടില്ല. 231 കോടി രൂപ ചെലവിൽ നിർമ്മിക്കുന്ന ടി പദ്ധതി പ്രതിവർഷം 24 മെഗാവാട്ടിന്റെ 83.5 ദശലക്ഷം യൂണിറ്റ് വൈദ്യുതി

ഉൽപാദിപ്പിക്കാനാണ് ലക്ഷ്യമിട്ടിരുന്നത്. ഇതുമായി ബന്ധപ്പെട്ട് നിരവധി പ്രതിസന്ധികളുണ്ടായിരുന്നു. 2018-ലെ മഹാപ്രളയ കാലത്തും കോവിഡുമായി ബന്ധപ്പെട്ടും പദ്ധതിയുടെ നിർമ്മാണത്തിന് വലിയ പ്രതിസന്ധി നേരിടുകയുണ്ടായി. 2021-ൽ സിവിൽ വർക്കുകൾ 99 ശതമാനത്തിലേറെയും ഇലക്ട്രോ-മെക്കാനിക്കൽ വർക്കുകൾ 86 ശതമാനത്തിലേറെയും പൂർത്തീകരിച്ചിട്ടുള്ളതാണ്. ചൈനയിൽനിന്ന് മൂന്നാമത്തെ കൺസൈൻമെന്റ് ഇറക്കുമതി ചെയ്യുന്നതുമായി ബന്ധപ്പെട്ടുകൊണ്ടാണ് പിന്നീട് പ്രതിസന്ധി നേരിട്ടത്. ഈ കാര്യത്തിൽ കരാർ കമ്പനി വലിയ വീഴ്ചയാണ് വരുത്തിയത്. ഒന്നാമത്തെ ഉത്തരവാദിയായ അവരെ നിയന്ത്രിക്കുന്നതിലും തിരുത്തുന്നതിലും സമയാസമയങ്ങളിൽ ഇടപെടുന്നതിൽ കെ.എസ്.ഇ.ബി.-ക്ക് വലിയ വീഴ്ച വന്നിട്ടുണ്ട്. നേരത്തെ നിശ്ചയിച്ചതുപോലെ പദ്ധതി സമയബന്ധിതമായി പൂർത്തീകരിച്ചിരുന്നുവെങ്കിൽ ഇതിനോടകംതന്നെ ഏകദേശം 400 കോടി രൂപയുടെ വൈദ്യുതി ഇപ്പോൾ ഉൽപാദിപ്പിക്കാൻ കഴിയുമെന്നുള്ളതാണ് കണക്ക്. അതുകൊണ്ട് ടി പദ്ധതിയുടെ അടിയന്തരപ്രാധാന്യം കണക്കിലെടുത്ത് ഇപ്പോഴുള്ള പ്രശ്നങ്ങൾ അടിയന്തരമായി പരിഹരിച്ചുകൊണ്ട് ഭൂതത്താൻകെട്ട്

മിനി ജലവൈദ്യുത പദ്ധതി കമ്മീഷൻ ചെയ്യുന്നതിനുവേണ്ടിയിട്ടുള്ള ഇടപെടലുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, ബഹുമാനപ്പെട്ട എം.എൽ.എ. ഇവിടെ സൂചിപ്പിച്ചിട്ടുള്ളത് വളരെ ഗൗരവമുള്ള കാര്യമാണ്. ജലസേചന വകുപ്പിന്റെ പെരിയാർ നദിയിലെ ഭൂതത്താൻകെട്ട് അണക്കെട്ടിലുള്ള അധികജലത്തിന്റെ വൈദ്യുത സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനാണ് 24 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള ഭൂതത്താൻകെട്ട് ജലവൈദ്യുത പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. മഴക്കാലത്ത് ഇവിടെ സംഭരിക്കുന്ന വെള്ളം ഏകദേശം 300 മീറ്റർ നീളം 28 മീറ്റർ വീതിയുമുള്ള ഒരു കനാലിലൂടെ തിരിച്ചുവിട്ട് 8 മെഗാവാട്ട് വീതം സ്ഥാപിതശേഷിയുള്ള മൂന്ന് ബൾബ് ടർബൈനുകൾ ഉപയോഗിച്ച് 24 മെഗാവാട്ട് വൈദ്യുതി ഉൽപാദിപ്പിച്ചതിനുശേഷം പെരിയാറിലേക്കുതന്നെ ഒഴുക്കിവിടുന്നു. പ്രസ്തുത പദ്ധതിയുടെ സിവിൽ പ്രവൃത്തികളുടെ കരാർ Sree Saravana Engineering Bhavani Private Limited" (SSEBPL), R.P.P Infra

Projects Ltd സംയുക്ത സംരംഭത്തിനാണ് നൽകിയത്. 99.7 ശതമാനവും സിവിൽ നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്. ബാക്കിയുള്ള ഇലക്ട്രോ-മെക്കാനിക്കൽ പ്രവൃത്തികൾ പൂർത്തിയാക്കുന്നമുറയ്ക്ക് മാത്രമെ ചെയ്യാൻ സാധിക്കുകയുള്ളൂ. പ്രസ്തുത പദ്ധതിയുടെ ഇലക്ട്രോ-മെക്കാനിക്കൽ പ്രവൃത്തിയുടെ കരാർ Sree Saravana Engineering Bhavani Private Limited" (SSEBPL), ഉം Hunan Zhaoyang Generating Equipment Co. Ltd.-ഉം കൺസോർഷ്യത്തിനാണ് നൽകിയിരിക്കുന്നത്. പ്രവൃത്തികൾ 86.61 ശതമാനം പൂർത്തീകരിച്ചിരിക്കുകയാണ്. ടി പദ്ധതിക്കുവേണ്ടിയുള്ള പ്രധാനപ്പെട്ട സാമഗ്രികൾ ചൈനയിൽനിന്നാണ് കരാറുകാരൻ എത്തിക്കേണ്ടത്. ഈ മൂന്ന് ഭാഗങ്ങളിലായി എത്തിക്കേണ്ടവയിൽ ഒന്നും രണ്ടും കൺസൈൻമെന്റുകളുടെ ഇറക്കുമതി 2017-18-ൽ പൂർത്തീകരിച്ചു. മൂന്നാമത്തെ കൺസൈൻമെന്റ് എത്തുന്നമുറയ്ക്ക് പദ്ധതി പൂർത്തീകരിക്കാവുന്നതാണ്. മൂന്നാമത്തെ കൺസൈൻമെന്റിൽ ഇറക്കുമതിക്കുവേണ്ടി കെ.എസ്.ഇ.ബി.എൽ-ഉം Sree Saravana Engineering Bhavani Private Limited" (SSEBPL)-ഉം ചൈനീസ് കമ്പനിയുമായി ചേർന്ന് ഒരു ത്രികക്ഷി കരാർ 27-04-2022-ൽ

ഒപ്പിട്ടു. 22-06-2023-ൽ ഡയറക്ടർ ബോർഡിന്റെ തീരുമാനപ്രകാരം കരാറും അനുബന്ധ നടപടികളും സംബന്ധിച്ച് സമയബന്ധിതമായി നിയമോപദേശം അഡ്വക്കേറ്റ് ജനറലിൽ നിന്നും തേടിയിരുന്നു. 09-07-2024-ൽ ലഭിച്ച നിയമോപദേശപ്രകാരം പ്രസ്തുത കരാറുകാരനുമായി ചർച്ച നടത്തി മൂന്നാമത്തെ കൺസൈൻമെന്റ് ഇറക്കുമതി ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുകയും കരാറുകാരൻ അത് ഇറക്കുമതി ചെയ്യാത്തപക്ഷം പ്രസ്തുത കോൺട്രാക്ട് കരാറുകാരൻ റിസ്ക് ആൻഡ് കോസ്റ്റിൽ പുതിയ ദർഘാസ് ക്ഷണിച്ച് പൂർത്തീകരിക്കുകയും വേണം. ടി നിയമോപദേശപ്രകാരം കെ.എസ്.ഇ.ബി.എൽ. കൺസോർഷ്യവുമായി പലവട്ടം ചർച്ച നടത്തിയെങ്കിലും ചൈന കമ്പനിയും എസ്.എസ്.ബി.-യും തമ്മിലുള്ള സാമ്പത്തിക തകർക്കങ്ങളിലുള്ള ചർച്ചകളിൽ ഫലം കണ്ടില്ല. അതുകൊണ്ട് 05-08-2025-ൽ കെ.എസ്.ഇ.ബി.എൽ.-ന്റെ ഫുൾടൈം ബോർഡ് ഡയറക്ടറുമാരുടെ യോഗത്തിൽ കരാറുകാരനെ റിസ്ക് ആൻഡ് കോസ്റ്റിൽ കരാർ ടെർമിനേറ്റ് ചെയ്യാൻ തീരുമാനിച്ചു. 10-08-2025-ൽ ടെർമിനേഷൻ ഉത്തരവ് കരാറുകാരന് നൽകുകയും ചെയ്തു. എന്നാൽ കരാറുകാരൻ

കെ.എസ്.ഇ.ബി.എൽ.-ന്റെ നടപടിക്കെതിരെ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ റിട്ട് പെറ്റീഷൻ സമർപ്പിച്ചു. സിംഗിൾ ബെഞ്ചിൽനിന്നും കെ.എസ്.ഇ.ബി.എൽ. എടുത്ത നടപടി ശരിവച്ചുകൊണ്ടുള്ള ഉത്തരവ് ലഭിച്ചു. ഇതിനെതിരെ കരാറുകാരൻ റിട്ട് അപ്പീൽ ഡിവിഷൻ ബെഞ്ചിന് മുമ്പാകെ നൽകി. ഇതിന്മേൽ 27-08-2025 കോടതിവാദം കേൾക്കുകയും 15-09-2025-ൽ മൂന്നാമത്തെ കൺസൈൻമെന്റ് ഇറക്കുമതിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹാരിക്കാൻ സമയം അനുവദിക്കുകയും ചെയ്തു. ഈ സമയത്തിനുശേഷം 16-09-2025-ലെ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ വിസ്താരത്തിൽ കെ.എസ്.ഇ.ബി.എൽ.-നോട് 18-09-2025-ന് കരാറുകാരനുമായി യോഗം ചേരുവാനും 10 ദിവസത്തിനുശേഷം കേസ് വീണ്ടും പരിഗണിക്കാനും തീരുമാനിച്ചു. 18-09-2025-ലെ പ്രസ്തുത മീറ്റിങ്ങിന്റെ അടിസ്ഥാനത്തിലും തുടർന്നുള്ള ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവിന്റെയടിസ്ഥാനത്തിലും പദ്ധതി എത്രയും വേഗം പൂർത്തീകരിക്കാനുള്ള തുടർനടപടികൾ കെ.എസ്.ഇ.ബി.എൽ. സ്വീകരിക്കുന്നതാണ്.

## കാസർഗോഡ് അടയ്ക്കാ കർഷകരുടെ പ്രതിസന്ധി

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, കണ്ണീരും കൈയുമായി കഴിയുന്ന കാസർഗോഡ് കവുങ്ങ് കർഷകരുടെ കഥന കഥയാണ് ഈ സബ്മിഷനിലൂടെ ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുന്നത്. നേരം പുലരുന്നതിനുമുമ്പ് തോട്ടത്തിൽ പോയി കവുങ്ങിന് വെള്ളം ഒഴിക്കുകയും വളമിടുകയും ചെയ്യുന്ന കർഷകർക്ക് ഏറെ പ്രതീക്ഷകളും സ്വപ്നങ്ങളുമാണുള്ളത്. കനത്ത മഴ കവുങ്ങ് കർഷകരുടെ കരളിൽ വിഷാദത്തിന്റെ കരിനീല തടാകമാണ് ഇപ്പോൾ ഒഴുക്കികൊണ്ടിരിക്കുന്നത്. നിർത്താതെ പെയ്ത മഴയിൽ തോട്ടങ്ങളിൽ മഹാളി രോഗം പിടിപ്പെട്ട് അടയ്ക്കകൾ ഒന്നായി പൊഴിയാൻ തുടങ്ങിയതോടെയാണ് കവുങ്ങ് കർഷകരുടെ പ്രതീക്ഷകൾ തകർന്ന് തരിപ്പണമായത്. മിക്ക തോട്ടങ്ങളിലും ഭൂരിഭാഗം അടയ്ക്കകളും മഹാളി രോഗം ബാധിച്ച് കൊഴിഞ്ഞുകഴിഞ്ഞു. ഇത്തവണ മഹാളിക്കുപുറമെ ഇലപ്പുള്ളി രോഗവുംകൂടി ബാധിച്ചിട്ടുണ്ട്. കാറ്റിലും വെള്ളത്തിലും കൂടി കലർന്ന് ഉൽപാദനശേഷി കുറയ്ക്കുന്ന രോഗമാണിത്.

മൂപ്പെത്താത്ത അടയ്ക്കകൾ വീണ് കിടക്കുന്ന കാഴ്ച കാണാനുള്ള കരുത്തില്ലാത്തതിനാൽ തോട്ടത്തിൽ പോകാൻപോലും കഴിയുന്നില്ലെന്നാണ് കർഷകർ പറയുന്നത്. മുൻകാലങ്ങളിൽ കൃത്യമായി ബോർഡോ മിശ്രിതം തളിച്ചാൽ ഒരു പരിധി വരെ മഹാളിയെ നിയന്ത്രിക്കാമായിരുന്നു. നിലവിൽ ഏത് മരുന്ന് തളിച്ചിട്ടും കാര്യമില്ല. മഹാളി വ്യാപകമാകാൻ കാരണം തിമിർത്ത് പെയ്ത മഴയാണ്. തുടർച്ചയായുള്ള മഴ കാരണം പൂങ്കുലയടക്കം ചീഞ്ഞു നശിച്ചു. കാലാവസ്ഥാവ്യതിയാനം കർഷകരെ സംബന്ധിച്ചിടത്തോളം വലിയ വിപത്തും ഭീഷണിയുമാണ്. അവർ ദുരന്തങ്ങളുടെ എരിതീയിലേക്ക് വലിച്ചെറിയപ്പെട്ടിരിക്കുന്നു. കർഷകരെ രക്ഷിക്കാൻ സർക്കാർ ഫലപ്രദമായ നടപടികൾ സ്വീകരിച്ചേ മതിയാകൂ. ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെ മുമ്പിൽ ചില നിർദേശങ്ങൾ സമർപ്പിക്കുകയാണ്. ഒന്നാമത്തേത് ചെറുകിട-വൻകിട അടയ്ക്കാ കർഷകർക്ക് മതിയായ നഷ്ടപരിഹാരം നൽകണം. രണ്ടാമത്തേത്, പലിശ ഒഴിവാക്കി കാർഷിക വായ്പാകൾക്ക് മൂന്ന് വർഷത്തേയ്ക്ക് മൊറട്ടോറിയം പ്രഖ്യാപിക്കണം. മൂന്നാമത്തേത്, സമയത്ത് കീടനാശിനി തളിയ്ക്കാനും അടയ്ക്കാ പറിക്കാനും സഹായകരമായ കാർബൺ ഫൈബർ ദോത്തീസ് വാങ്ങാൻ

സബ്സിഡി നൽകണം. 32 ഫീറ്റ് കാർബൺ ഫൈബർ ദോത്തീസിന് 16,500 രൂപ വിലയുണ്ടെന്നാണ് മനസ്സിലാക്കാൻ സാധിച്ചത്. അതുപോലെ വൈദ്യുതി വകുപ്പിൽനിന്ന് നേരിടേണ്ടി വരുന്ന ചില ബുദ്ധിമുട്ടുകളുണ്ട്. വൻകിട-ചെറുകിട കർഷകർക്ക് 4 ഏക്കർ വരെയുള്ള കൃഷിഭൂമിക്ക് വൈദ്യുതി സൗജന്യമായി നൽകുന്നത് തുടരണം. കെ.എസ്.ഇ.ബി.-യ്ക്ക് കുടിശ്ശികയുണ്ടെങ്കിൽ അത് കൃഷിഭവൻ അടച്ച് തീർക്കണമെന്നാണ് പറയാനുള്ളത്. മറ്റൊന്ന് ആധുനിക ഉപകരണങ്ങൾ വാങ്ങാൻ കർഷകർക്ക് സബ്സിഡി നൽകണം. ഇക്കാര്യങ്ങളിൽ ബഹുമാനപ്പെട്ട മന്ത്രി ഇടപെട്ട് കാസർഗോഡ് ജില്ലയിലെ കവുങ്ങ് കർഷകരെ രക്ഷപ്പെടുത്തണമെന്നാണ് എനിക്ക് അങ്ങേയോട് അഭ്യർഥിക്കാനുള്ളത്.

കൃഷി വകുപ്പുമന്ത്രി (<u>ശ്രീ. പി. പ്രസാദ്</u>): സർ, അതിമനോഹരമായ വാക്കുകളിലൂടെയാണ് ആദരണീയനായ എം.എൽ.എ., ശ്രീ. എൻ. എ. നെല്ലിക്കുന്ന് ഗൗരവതരമായ വിഷയത്തെ ഇവിടെ അവതരിപ്പിച്ചത്. കാസർഗോഡ് ജില്ലയിൽ നാൽപതിനായിരത്തിലധികം കർഷകർ കവുങ്ങ് കൃഷിയിൽ ഏർപ്പെട്ടിട്ടുണ്ട്. കവുങ്ങ് കൃഷിയുള്ളത് 21465 ഹെക്ടർ

പ്രദേശത്താണ്. ടി ജില്ലയിൽ ഇലപ്പുള്ളി, മഞ്ഞളിപ്പ്, മഹാളി, പൂങ്കുല കരിച്ചിൽ ഉൾപ്പെടെയുള്ള രോഗങ്ങൾ കാരണം കവുങ്ങ് കർഷകൾ ബുദ്ധിമുട്ട് അനുഭവിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിരുന്നു. തുടർന്ന്, ഈ പ്രശ്നങ്ങൾ അവലോകനം ചെയ്യുന്നതിന് ജില്ലയിലെ എം.എൽ.എ.-മാരുടെ സാന്നിധ്യത്തിൽ ജില്ലാ കളക്ടർ, കൃഷി ശാസ്ത്രജ്ഞർ, കൃഷി ഉദ്യോഗസ്ഥർ തുടങ്ങിയവരുടെ യോഗം 24-03-2025-ന് വിളിച്ചുചേർക്കുകയുണ്ടായി. ആ യോഗം കൈക്കൊണ്ട തീരുമാനപ്രകാരം നടപടികൾ കൈക്കൊണ്ടുവരികയാണ്. കവുങ്ങ് കൃഷി പ്രോത്സാഹനത്തിനായി സമർപ്പിച്ച വ്യക്തിഗത പ്രോജക്ടുകൾ കർഷകോൽപാദക സംഘടനകൾ, കൃഷിക്കൂട്ടങ്ങൾ മുതലായ കാർഷിക കൂട്ടായ്മകളിൽക്കൂടി നടപ്പിലാക്കാൻ തീരുമാനിക്കുകയും ചെയ്തു. കാസർഗോഡ് പാക്കേജിൽ വ്യക്തികളുടെ കാര്യത്തിൽ വ്യക്തികൾക്കായി കൊടുക്കാൻ സാധിക്കില്ലായെന്നതിന്റെ അടിസ്ഥാനത്തിൽ ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകൾ (FPO) കൃഷിക്കൂട്ടങ്ങൾ എന്നിവയിലൂടെ നടപ്പിലാക്കാൻ തീരുമാനിക്കുകയും 11.04 കോടി രൂപയുടെ പദ്ധതി തയ്യാറാക്കി അംഗീകാരത്തിന് സമർപ്പിച്ച് നടപടികളിലേയ്ക്ക്

നീണ്ടിയിരിക്കുകയാണ്. കവുങ്ങ് കർഷകർ നേരിടുന്ന പ്രതിസന്ധി പരിഹരിക്കാൻ സഹായകരമാകുന്ന പ്രോജക്ടുകൾ തയ്യാറാക്കുന്നതിനും രോഗപ്രതിരോധ മാർഗങ്ങൾ അവലംബിക്കുന്നതിനും കൃഷി വകുപ്പ്, കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം, കാർഷിക സർവകലാശാല എന്നിവയിലെ കൃഷി ശാസ്ത്രജ്ഞർ, കൃഷി വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥർ എന്നിവരടങ്ങുന്ന ഒരു ടാസ്ക് ഫോഴ്സ് രൂപീകരിച്ച് അതിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. വിള നിരീക്ഷണ ഉപദേശക സംവിധാനങ്ങളിലൂടെയും ബോധവൽക്കരണ ക്യാമ്പയിനുകൾ, ശിൽപശാലകൾ എന്നിവയിലൂടെയും കർഷകർക്ക് കൃത്യമായ ഉപദേശങ്ങളും മാർഗനിർദേശങ്ങളും നൽകിവരുന്നുണ്ട്. കവുങ്ങ് കൃഷിയെ സംബന്ധിച്ച വിപുലമായ ഒരു ബോധവൽക്കരണ പരിപാടി 05-05-2021-ൽ ബദിയഡുക്കയിൽവച്ച് സംഘടിപ്പിക്കുകയുണ്ടായി. കൂടാതെ കാർഷിക സർവകലാശാലയിലെ ശാസ്ത്രജ്ഞർ രോഗബാധിത കൃഷിയിടങ്ങൾ സന്ദർശിക്കുകയും ചർച്ചാക്ലാസുകൾ സംഘടിപ്പിക്കുകയും സാമ്പിളുകൾ പരിശോധിച്ച് കർഷകർക്ക് ആവശ്യമായ നിർദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. അതിർത്തി പ്രദേശങ്ങളിലെ കവുങ്ങുകളിൽ ഇലപുള്ളി

രോഗത്തിന്റെ വ്യാപനം തടയുന്നതിനുള്ള സംയുക്ത പ്രവർത്തനം ദക്ഷിണ കർണാടകയിലെ ഹോർട്ടികൾച്ചർ ഡിപ്പാർട്ടുമെന്റുമായി ചേർന്ന് നടപ്പാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൃഷിക്കൂട്ടങ്ങളെയും കാർഷിക ഗ്രൂപ്പുകളെയും ശാക്തീകരിച്ചുകൊണ്ട് പ്രകൃതി കൃഷി രീതിയിൽ കവുങ്ങ് കൃഷി പ്രോത്സാഹിപ്പിക്കാനുള്ള നടപടികൾ സബ്മിഷന്റെ ഭാഗമായി സ്വീകരിച്ചിട്ടുണ്ട്. മാവ് അടക്കമുള്ള കാര്യങ്ങളിൽ രോഗങ്ങൾ വന്നിടത്ത് അവർക്കത് പ്രയോജനമായതുകൊണ്ട് കേരളത്തിലും ഇത് നടപ്പിലാക്കാൻ സാധിക്കുമോയെന്നും അത്തരത്തിൽ രോഗങ്ങളെ പ്രതിരോധിക്കാൻ കഴിയുമോയെന്നും പരിശോധന നടത്താൻ തീരുമാനിച്ചിരുന്നു. ഇത് ആന്ധ്രയിൽ വിജയകരമായി നടപ്പാക്കാൻ സാധിച്ചിട്ടുണ്ട്. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിലും കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതിയിലും ഉൾപ്പെടുത്തി വിളനഷ്ടത്തിന് പരിരക്ഷ നൽകുന്നുണ്ട്. കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതിയിൽ 1 ലക്ഷം രൂപ വരെ നഷ്ടപരിഹാരത്തിന് കർഷകന് അർഹതയുണ്ട്. 2024-25 വർഷം 5766 കർഷകരുടെ 1467.45 ഹെക്ടർ കവുങ്ങ് കൃഷി കാലാവസ്ഥാധിഷ്ഠിത വിള

ഇൻഷ്വറൻസ് പദ്ധതി പ്രകാരം ഇൻഷ്വർ ചെയ്തിട്ടുണ്ട്. കൂടുതൽ കർഷകരെ വിള ഇൻഷ്വറൻസ് പദ്ധതിയിൽ ചേർക്കുന്നതിനുള്ള ക്യാമ്പയിനുകൾ നടത്തിവരുന്നുണ്ട്. ജില്ലയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിയുമായി ചേർന്ന് കവുങ്ങ് കൃഷി പരിപാലനത്തിനായി വിവിധ പിന്തുണകൾ നൽകിവരുന്നു. കാസർഗോഡ് ജില്ലയിലെ 35 കൃഷി ഭവനുകൾ മുഖേന 4.49 കോടി രൂപയുടെ ഉൽപാദനോപാധികൾ ഇതിന്റെ ഭാഗമായി കർഷകർക്ക് വിതരണം നടത്തിവരുന്നുണ്ട്. രോഗപ്രതിരോധ മാർഗങ്ങൾ അവലംബിക്കുന്നതിന് കവുങ്ങ് കർഷകർക്ക് ലഭ്യമാകുന്ന സഹായം നിലവിലെ നിശ്ചിതമായ സ്ഥലപരിധി കണക്കിലെടുക്കാതെ (സ്ഥല പരിധിയുടെ പേരിൽ സഹായം കിട്ടാത്തതുമായി ബന്ധപ്പെട്ട പ്രശ്നം) നടപ്പിലാക്കുന്നത് സംബന്ധിച്ച പ്രശ്നം പരിഹരിക്കുന്നതിനും കവുങ്ങ് കർഷകരുടെ കടബാധ്യതയ്ക്ക് മൊറട്ടോറിയം പ്രഖ്യാപിക്കുന്നത് സംബന്ധിച്ച വിഷയവും സർക്കാർ പരിശോധിച്ചുവരികയാണ്. കാസർഗോഡ് വികസന പാക്കേജ് പദ്ധതിയിൽ കവുങ്ങ് കൃഷി പ്രോത്സാഹനത്തിനുള്ള ഘടകം ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു. കവുങ്ങ് കർഷകർ നേരിടുന്ന പ്രശ്നങ്ങൾ

പരിഹരിക്കുന്നതിന് കൃഷിവകുപ്പ് സമയബന്ധിതമായി ഇടപെട്ടുവരുന്നുണ്ട്. വിഷയത്തിൽ തുടർന്നും അവലോകന യോഗങ്ങൾ സംഘടിപ്പിച്ച് കർഷകർ നേരിടുന്ന ബുദ്ധിമുട്ട് പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ഈ സഭാസമ്മേളനത്തിൽ വീണ്ടും കാസർഗോഡ് ജില്ലയിലെ എം.എൽ.എ.-മാർ, കൃഷി ശാസ്ത്രജ്ഞർ, ജില്ലാ കളക്ടർ എന്നിവരുമായുള്ള യോഗം ബഹുമാനപ്പെട്ട അംഗത്തിന്റെകൂടി സൗകര്യവും സമയവും നിശ്ചയിച്ച് ചേരാവുന്നതാണ്. തീരുമാനിച്ച കാര്യങ്ങൾ എത്രമാത്രം നടപ്പിലാക്കിയെന്നത് സംബന്ധിച്ച് അവലോകനം ചെയ്യാം. കൂടുതൽ നിർദേശങ്ങളുണ്ടെങ്കിൽ അതും പരിഗണിക്കുന്നതായിരിക്കും. കാസർഗോഡ് ജില്ലയിലെ കവുങ്ങ് കർഷകർക്ക് സഹായകരമാകുന്ന എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്.

## (9) VFPCK മുഖേന പദ്ധതികൾ നടപ്പാക്കുന്നതിനും കാർഷിക സ്ഥിരതയ്ക്കും നടപടി

ശ്രീ. മോൻസ് ജോസഫ്: സർ, കൃഷി വകുപ്പിന്റെ കീഴിലുള്ള വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ ഓഫ് കേരള (VFPCK) നേരിടുന്ന

ഇന്നത്തെ ഗുരുതരമായ പ്രതിസന്ധിക്ക് പരിഹാരം ഉണ്ടാക്കണം എന്നുള്ളതാണ് ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. സംസ്ഥാനത്തെ കർഷകരുടെ കാർഷിക ഉല്പന്നങ്ങളുടെ വിപണനത്തിനും പ്രോത്സാഹനത്തിനും 1999-ൽ സ്ഥാപിതമായ വി.എഫ്.പി.സി.കെ. കൃഷികാർക്ക് വലിയ അനുഗ്രഹപ്രദമായൊരു സ്ഥാപനമായിരുന്നു. ഇവിടെ വർഷങ്ങളോളം കർഷകരുടെ ഉൽപന്നങ്ങൾക്ക് ഉചിതമായ വില ഉറപ്പാക്കുന്നതിനും വിപണന സംവിധാനങ്ങളെ കാര്യക്ഷമമാക്കുന്നതിനും വി.എഫ്.പി.സി.കെ. കൗൺസിൽ പ്രധാനപ്പെട്ട പങ്ക് വഹിച്ചിട്ടുണ്ട്. ഇന്നത്തെ പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ കർഷകർക്ക് നൽകിക്കൊണ്ടിരുന്ന ആനുകൂല്യങ്ങൾ ഇപ്പോൾ ലഭ്യമല്ലാത്ത അവസ്ഥ ഉണ്ടായികൊണ്ടിരിക്കുകയാണ്. കർഷകർക്ക് വാഗ്ദാനം ചെയ്തിരുന്ന വിവിധ ആനുകൂല്യങ്ങളും പദ്ധതികളും തടസ്സപ്പെട്ടു. വിത്ത്, രാസവളം കാർഷികോപകരണങ്ങൾ വിപണന സഹായം ഇൻഷ്വറൻസ് പദ്ധതികൾ എന്നിവയെല്ലാം ഇപ്പോൾ സാമ്പത്തിക പിന്തുണ ലഭിക്കാതെ പ്രതിസന്ധിയിലായിരിക്കുന്നു. ഏറ്റവും ഗുരുതരമായ ഈ പ്രശ്നങ്ങളുടെ നടുവിലും

വി.എഫ്.പി.സി.കെ.-യിലെ ജീവനക്കാരും അതുപോലെതന്നെ പ്രതിസന്ധിയിലായിരിക്കുകയാണ്. മാസങ്ങളായി വി.എഫ്.പി.സി.കെ.-യിലെ ജീവനക്കാർക്ക് ശമ്പളം ലഭിക്കാത്തതിനാൽ നിരവധി ജീവനക്കാർ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിൽ നട്ടംതിരിയുകയാണ്. അടച്ചുപൂട്ടികിടക്കുന്ന സ്ഥാപനങ്ങളിൽപോലും ഓണത്തിന്റെ വിവിധങ്ങളായ ആനുകൂല്യങ്ങൾ കൊടുത്തപ്പോൾ ഈ സ്ഥാപനത്തിൽ ജോലി ചെയ്യുന്ന ആളുകൾക്ക് ന്യായമായ ശമ്പളംപോലും കൊടുക്കാൻ കഴിയാത്ത അവസ്ഥയുണ്ടായി എന്നത് ഏറ്റവും നിർഭാഗ്യകരമായ സാഹചര്യമാണ്. കഴിഞ്ഞ 35 വർഷക്കാലമായി കേരളത്തിലെ പഴം, പച്ചക്കറി മേഖലയിൽ വിത്ത് മുതൽ വിപണി വരെ സേവനം നൽകിവന്നിരുന്ന വി.എഫ്.പി.സി.കെ. എന്ന സ്ഥാപനം കഴിഞ്ഞ 2 വർഷമായാണ് അതീവ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിൽ എത്തിച്ചേർന്നിരിക്കുന്നത്. ഇക്കാര്യത്തിൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ബജറ്റ് അലോട്ടുമെന്റ് പോലും കൃത്യമായി ലഭിക്കുന്നില്ലെന്നാണ് മനസ്സിലാക്കുന്നത്. 2024-25 വർഷം ബജറ്റിൽ വി.എഫ്.പി.സി.കെ.-ക്ക് പ്രഖ്യാപിച്ചത് 35 കോടി രൂപയായിരുന്നു. എന്നാൽ ലഭിച്ചത് വെറും 13.5

കോടി രൂപ മാത്രമാണെന്ന് മനസ്സിലാക്കുന്നു. ഇതുമൂലം സൗരവേലി നിർമ്മാണം, സൂക്ഷ്മതാ കൃഷി, ഉപകരണങ്ങൾക്കുവേണ്ടി ചെലവഴിക്കേണ്ട തുക, കർഷകർക്ക് സബ്സിഡിയായി ലഭിക്കേണ്ട തുക എന്നിവ ലഭിക്കാതെ വരികയുണ്ടായി. കാർഷിക വായ്പ, പലിശ സബ്സിഡി തുടങ്ങയവയെല്ലം മുടങ്ങിപോകാനിടയായി. ഇത്തരത്തിൽ കാർഷിക വിപണിയുമായി ബന്ധപ്പെട്ട് പ്രതിസന്ധിയിലേക്ക് പോകുന്നതിനെത്തുടർന്ന് കർഷകർക്ക് ഈ സ്ഥാപനത്തിലുള്ള വിശ്വാസം നഷ്ടപ്പെട്ട് പോകുന്ന അവസ്ഥയാണ് ഉണ്ടായിരിക്കുന്നത്. ഇതുമൂലം കർഷകർ നേരിടുന്ന പ്രശ്നങ്ങളും ജീവനക്കാർ നേരിടുന്ന ഗുരുതരമായ പ്രതിസന്ധിയും ജീവനക്കാരുടെ ഓണംപോലും പട്ടിണി ഓണം എന്ന അവസ്ഥയിലേക്ക് മാറിയതും വി.എഫ്.പി.സി.കെ. അടച്ചുപൂട്ടൽ ഭീഷണിയിലേയ്ക്ക് വന്നിരിക്കുന്ന സാഹചര്യവും ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി ഗൗരവമായി കണക്കിലെടുക്കണം എന്ന് അഭ്യർത്ഥിക്കുന്നു. ജനങ്ങളുടെ ആവശ്യങ്ങൾ പരിഗണിച്ച് ഇതിന് പരിഹാരവും നിർദേശിക്കപ്പെടുന്നുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് നിരവധി പദ്ധതികൾ ഇന്ന് ആവിഷ്കരിക്കുന്നുണ്ട്. ഇങ്ങനെ ആവിഷ്കരിക്കുന്ന

Uncorrected/Not for publication
17-09-2025

പദ്ധതികൾ വി.എഫ്.പി.സി.കെ.-യെ ക്ലബ് ചെയ്തുകൊണ്ട് ചെയ്യാൻ കഴിഞ്ഞാൽ തീർച്ചയായും അത് ഈ സ്ഥാപനത്തെ നിലനിർത്താനും കൃഷിക്കാർക്ക് ഉപകരിക്കുന്ന വിധത്തിലേയ്ക്ക് ഇതിനെ മാറ്റിയെടുക്കാനും കഴിയും. ഈ പ്രധാനപ്പെട്ട കാര്യം നടപ്പാക്കുന്നതിനുള്ള സാധ്യതകളെക്കുറിച്ച് അങ്ങ് പരിശോധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. കൃഷിക്കാർക്കുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കാനും ജീവനക്കാർക്ക് മുടങ്ങിക്കിടക്കുന്ന ശമ്പളം കൃത്യമായി കൊടുത്തുതീർക്കാനും കഴിയുന്നവിധത്തിൽ കേരളത്തിലെ കൃഷിക്കാർക്കുവേണ്ടി വി.എഫ്.പി.സി.കെ. നിലനിർത്തുന്നതിനുള്ള നടപടികൾ അങ്ങ് സ്വീകരിക്കണം. കടുത്തുരുത്തി അസംബ്ലി മണ്ഡലത്തിൽ കർഷകരുടെ ഒരു പ്രധാനപ്പെട്ട കേന്ദ്രമാണ് വി.എഫ്.പി.സി.കെ. അത് മുടങ്ങിയതിനെത്തുടർന്ന് വലിയ പ്രതിസന്ധിയുണ്ടായിട്ടുണ്ട്. കേരളമൊട്ടാകെയുള്ള കൃഷിക്കാർക്കുവേണ്ടി വി.എഫ്.പി.സി.കെ. നിലനിർത്തുന്നതിനുള്ള നടപടികൾ അങ്ങ് സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, കേരളത്തിലെ പഴം,

Uncorrected/Not for publication
17-09-2025

പച്ചക്കറി മേഖലയിലെ കർഷകരുടെ ഉന്നമനത്തിനും വരുമാന വർധനവിനുംവേണ്ടി 2001 ജനുവരി 15-ൽ നിലവിൽ വന്നൊരു സ്വയംഭരണ സ്ഥാപനമാണ് വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരള അഥവാ വി.എഫ്.പി.സി.കെ. കൃഷിവകുപ്പിന് കീഴിൽ പ്രവർത്തിക്കുന്നതും കർഷകർക്ക് ഭൂരിപക്ഷ പങ്കാളിത്തമുള്ള കമ്പനിയുമാണ് വി.എഫ്.പി.സി.കെ. കമ്പനിയുടെ സുഗമമായ പ്രവർത്തനത്തിനാവശ്യമായ പ്രവർത്തന മൂലധനം കണ്ടെത്തേണ്ട ചുമതലയും ആവശ്യമായ അടിസ്ഥാനസൗകര്യം ഒരുക്കേണ്ട ചുമതലയും കമ്പനിയിൽ നിഷിപ്തമാണ്. വി.എഫ്.പി.സി.കെ.-യുടെ പ്രധാനപ്പെട്ട ദൗത്യങ്ങൾ മേഖലയിലെ കർഷകർക്ക് സാങ്കേതിക ഉപദേശം നൽകൽ, ഗുണമേന്മയുള്ള ഉൽപാദനോപാധികളുടെ ഉൽപാദനവും വിതരണവും, കാർഷികോൽപന്നങ്ങളുടെ വിപണനം, മൂല്യവർധനവ്, പരിശീലനം, വായ്പ ഇൻഷ്വറൻസ് സഹായങ്ങൾ, കയറ്റുമതി സുഗമമാക്കാനുള്ള പിന്തുണ നൽകുക എന്നിവയെല്ലാമാണ്. വി.എഫ്.പി.സി.കെ.-യുടെ നിലവിലുള്ള സാമ്പത്തിക ബുദ്ധിമുട്ടുകൾ മറികടക്കുവാനുള്ള മാർഗം ആഭ്യന്തര വരുമാന വർധനവിനുള്ള നടപടികൾ സ്വീകരിക്കുകയെന്നതാണ്. ഇക്കാര്യത്തിലുള്ള പ്രവർത്തനങ്ങൾ

ഉർജിതപ്പെടുത്തുക എന്ന ഉദ്ദേശ്യത്തോടെ ആരംഭിച്ച ജനിതക സിദ്ധിയും ഉൽപാദനക്ഷമതയുമുള്ള പച്ചക്കറി വിത്തുകൾ ഉൽപാദിപ്പിക്കുന്നതിനും സംഭരിക്കുന്നതിനും അവ സംസ്കരിച്ച് വിതരണം നടത്തുന്നതിനുമായി പാലക്കാട് ജില്ലയിലെ ആലത്തൂരിലെ സീഡ് പ്രോസസ്സിങ് പ്ലാന്റ്, ഇതോടനുബന്ധിച്ചുള്ള വിത്ത് സംഭരണ കേന്ദ്രം, പച്ചക്കറി വിത്തുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തി കർഷകർക്ക് ഉതകുന്നതും ആധുനിക സംവിധാനമുള്ളതുമായ വിത്ത് പരിശോധന ലാബ്, സ്റ്റേറ്റ് ഹോർട്ടിക്കൾച്ചർ മിഷന്റെ ധനസഹായത്തോടെ അത്യുൽപാദനശേഷിയുള്ള പച്ചക്കറി വിത്തുൾപാദനം തുടങ്ങിയവ വി.എഫ്.പി.സി.കെ.-യുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ ഉതകുന്നവയാണ്. വരുമാന വർധനവ് ഉദ്ദേശിച്ചും കർഷകർക്ക് ഗുണമേന്മയുള്ള കാർഷികോൽപാദന ഉപാധികൾ ആവശ്യാനുസരണം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയും കൗൺസിലിന്റെ കീഴിൽ കൃഷി ബിസിനസ്സ് കേന്ദ്രങ്ങൾ എറണാകുളത്തും തിരുവനന്തപുരത്തും കാസർഗോഡും ആരംഭിച്ചിട്ടുണ്ട്. പത്തനംതിട്ട, കോഴിക്കോട് എന്നീ ജില്ലകളിൽ ആർ.കെ.വി.വൈ. പദ്ധതി സഹായത്തോടെ പുതിയ രണ്ട് കൃഷി

ബിസിനസ്സ് കേന്ദ്രങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായി വരുന്നു. ഗുണമേന്മയുള്ള പഴം, പച്ചക്കറി ഉൽപന്നങ്ങൾ ഉപഭോക്താകൾക്ക് ലഭ്യമാക്കുന്നതിനും ഗുണമേന്മയുള്ള നടീൽ വസ്തുക്കളും ഉൽപാദനോപാധികളും ലഭ്യമാക്കുന്നതിനും 63 തളിർ ഗ്രീൻ എക്കോ ഷോപ്പ് ഔട്ട്ലെറ്റുകൾ സംസ്ഥാനത്തുടനീളം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. വി.എഫ്.പി.സി.കെ.-യുടെ പ്രവർത്തനം കാര്യക്ഷമമാക്കുവാനും മേഖലയിലെ കർഷകർക്ക് പരമാവധി സേവനം ലഭ്യമാക്കുവാനും കാലാകാലങ്ങളിൽ സർക്കാർ പിന്തുണ നൽകിവരുന്നുണ്ട്. ഈ സർക്കാർ വന്നതിനുശേഷം 75 കോടി രൂപയുടെ സാമ്പത്തിക പിന്തുണ വി.എഫ്.പി.സി.കെ. നൽകിയിട്ടുണ്ട്. വാർഷിക ബജറ്റ് വിഹിതം 11 കോടി രൂപയിൽ നിന്നും 15 കോടി രൂപയായും തുടർന്ന് 26 കോടി രൂപയായും വീണ്ടുമത് 40 കോടി രൂപയായും സർക്കാർ ഉയർത്തുകയുണ്ടായി. 2025-26 കാലയളവിൽ 34.67 കോടി രൂപ വകയിരിത്തിയിട്ടുണ്ട്. കൃഷിവകുപ്പിന്റെ ഒരു കോടി ഫലവൃക്ഷത്തൈ പദ്ധതിയിൽ ഫലവൃക്ഷത്തൈ വിതരണം, ഞങ്ങളും കൃഷിയിലേയ്ക്ക്, ഓണത്തിന് ഒരു മുറം പച്ചക്കറി തുടങ്ങിയ പദ്ധികളുടെകീഴിൽ പച്ചക്കറിത്തൈ വിതരണം തുടങ്ങിയവ

വി.എഫ്.പി.സി.കെ.-യെ ആണ് ഏൽപ്പിച്ചിരിക്കുന്നത്. കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും കൃഷിവകുപ്പും നടപ്പിലാക്കിവരുന്ന പച്ചക്കറി വികസന പദ്ധതി പ്രകാരം അത്യുൽപാദനശേഷിയുള്ള പച്ചക്കറി വിത്തുകൾ, തൈകൾ തുടങ്ങിയവ വിതരണം നടത്തുന്നതിനായി വികേന്ദ്രീകൃത നഴ്സറികൾ ആരംഭിക്കുന്നതിനും വി.എഫ്.പി.സി.കെ.-യെ ഒരു അംഗീകൃത ഏജൻസിയായി ഉൾപ്പെടുത്തിയിട്ടുണ്ട്. ഇവിടെ പല സ്ഥാപനങ്ങളും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അതത് ഇടങ്ങളിൽ കർഷകരിൽ നിന്നുതന്നെ ഈ വിത്തുകളും മറ്റും സംഭരിക്കുന്നതും ഫാമുകൾ കൂടുതലായി ഉൽപാദിപ്പിക്കുന്നതുകൊണ്ട് അവയെ ഏജൻസിയായി അംഗീകരിച്ചിട്ടുണ്ടെങ്കിലും എല്ലായിടത്തും ചിലപ്പോൾ അവർക്കതിന്റെ നേട്ടം ലഭിച്ചിട്ടുണ്ടാകില്ല. കേരളത്തിലെ പച്ചക്കറി ഉൽപാദന മേഖലയിൽ 5 ഹൈബ്രിഡ് പച്ചക്കറി വിത്തിനങ്ങൾ പ്രോത്സാഹിപ്പിച്ച് ഉൽപാദനക്ഷമത വർധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കുന്ന പദ്ധതിയിൽ ആവശ്യമായ ഹൈബ്രിഡ് വിത്തിനങ്ങൾ ഉൽപാദിപ്പിച്ചു നൽകുവാനുള്ള ചുമതലയും വി.എഫ്.പി.സി.കെ.-യെ ആണ് ഏൽപ്പിച്ചത്. ഇതോടൊപ്പം നാളികേരം,

കൊപ്ര എന്നിവയുടെ സംഭരണ ചുമതലയും കൈകാര്യ ചെലവ് നൽകി വി.എഫ്.പി.സി.കെ. വഴിയാണ് സർക്കാർ നടപ്പിലാക്കിയത്. ഇതെല്ലാം വി.എഫ്.പി.സി.കെ.-യ്ക്ക് സാമ്പത്തികമായി മെച്ചമുണ്ടാകുന്ന തരത്തിലുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി ചെയ്തതാണ്. സ്വാശ്രയ കർഷക സംഘങ്ങൾ രൂപീകരിക്കുകയും അവയെ സ്വയംപര്യാപ്തമാക്കുകയും ചെയ്യുക എന്ന അടിസ്ഥാനത്തിലാണ് വി.എഫ്.പി.സി.കെ. രൂപീകരിച്ചത്. ഇപ്രകാരം രൂപീകരിച്ച സ്വാശ്രയ സംഘങ്ങളെ മെച്ചപ്പെടുത്തി മുന്നോട്ടുകൊണ്ടുപോകുമ്പോൾ കർഷകരെ സഹായിക്കുന്നതിനപ്പുറത്തേക്ക് കൂടുതൽ തുക ഭരണപരമായ ചെലവുകൾക്ക് വിനിയോഗിക്കേണ്ട അവസ്ഥയാണുള്ളത്. ഇത് വളരെ ഗൗരവതരമായ പ്രശ്നമാണ്. എന്താണോ ഇതുകൊണ്ടുദ്ദേശിച്ചത് അത് നടപ്പാക്കാൻ വി.എഫ്.പി.സി.കെ. പ്രയാസപ്പെടുന്നുണ്ട്. കാർഷിക മേഖലയിലെ നവീന ആശയങ്ങളും സാങ്കേതികത്വവും ഉൾക്കൊണ്ട് കൂടുതൽ കർഷകരെ ആധുനിക കൃഷിരീതിയിൽ പ്രാപ്തരാക്കുന്നതിനും ഉയർന്ന ഉൽപാദനവും ഉൽപാദനക്ഷമതയുള്ള നടീൽ വസ്തുക്കൾ കണ്ടെത്തിയും വിപണിയിൽ കാര്യക്ഷമമായി ഇടപെട്ടും കൂടുതൽ

സജീവ സ്വാശ്രയ സംഘങ്ങൾ രൂപീകരിച്ചും വി.എഫ്.പി.സി.കെ.-യിൽ വൈവിധ്യവൽക്കരണം നടപ്പാക്കേണ്ടതുണ്ട്. ഇതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. 295 സ്വാശ്രയ കർഷക സമിതികളും 11385 സ്വാശ്രയ കർഷക സംഘങ്ങളും രണ്ട് ലക്ഷം കർഷകരും അടങ്ങുന്ന വി.എഫ്.പി.സി.കെ. സംവിധാനം നിലവിൽ നേരിടുന്ന പ്രശ്നങ്ങൾ മനസ്സിലാക്കാനും കമ്പനിയെ കർഷക സൗഹൃദമാക്കി, പ്രവർത്തന മികവിൽ എത്തിക്കാനും സർക്കാർ നടപടി കൈക്കൊണ്ടിട്ടുണ്ട്. ആദ്യഘട്ടത്തിൽ വിപണികളുടെ ശാക്തീകരണം വിലയിരുത്തുന്നതിന് ബോർഡ് അംഗങ്ങളും കർഷക പ്രതിനിധികളും ഉദ്യോഗസ്ഥരും അടങ്ങുന്ന ഒരു സമിതിയെ ചുമതലപ്പെടുത്തുകയും പ്രാഥമിക പഠനം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. കൃത്യസമയങ്ങളിൽ ഞാൻ ഡയറക്ടർ ബോർഡ് യോഗങ്ങളിൽ പങ്കെടുത്തുവരുന്നുണ്ട്. കൂടാതെ വി.എഫ്.പി.സി.കെ. നിലവിൽ നേരിടുന്ന എല്ലാ പ്രശ്നങ്ങളും പഠന വിധേയമാക്കാനും ആവശ്യമായ പരിഹാര മാർഗങ്ങൾ സമയബന്ധിതമായി നിർദേശിക്കാനും കൃഷിവകുപ്പ് അഡീഷണൽ സെക്രട്ടറി ശ്രീമതി വി. വിഘ്നേശ്വരി, ഐ.എ.എസ്.-ന്റെ നേതൃത്വത്തിൽ മാനേജ്മെന്റ് വിദഗ്ധർ അടങ്ങുന്ന ഒരു സമിതിയെ

രൂപീകരിച്ച് റിപ്പോർട്ട് സമർപ്പിക്കാനുള്ള നിർദേശവും നൽകിയിട്ടുണ്ട്. അത്തരത്തിൽ സമയബന്ധിതമായി റിപ്പോർട്ട് വാങ്ങി നടപടികൾ സ്വീകരിച്ച് വി.എഫ്.പി.സി.കെ.-യെ മെച്ചപ്പെടുത്തുന്നതാണ്. ഭരണപരമായ ചെലവുകൾ വർധിച്ചുവരികയാണ്. കർഷകരുടെ ആനുകൂല്യങ്ങൾ നൽകുകയും വി.എഫ്.പി.സി.കെ.-യെ മെച്ചപ്പെടുത്തുകയും ചെയ്യുന്നതിനപ്പുറത്തേയ്ക്ക് ചെലവുകൾ വർധിക്കുന്ന സാഹചര്യമാണുള്ളത്. ഇക്കാര്യങ്ങൾക്കെല്ലാം റിപ്പോർട്ടിന്റെ ഭാഗമായി പരിഹാരം കാണാവുന്നതാണ്.